(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം./എം.എൽ.121/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

ഫോൺ-0471-2331231

ഇ-മെയിൽ lfadtvm@yahoo.in

തീയതി :12.01.2017

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

നെടുമങ്ങാട് മുനിസിപ്പാലിറ്റി.

സർ,

വിഷയം : നെടുമങ്ങാട് മുനിസിപ്പാലിറ്റി- 2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലെ 2013-14 സാമ്പത്തികവർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) സെക്രട്ടറി, തദ്ദേശസ്വയം ഭരണവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)

4) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം

5) ഓഫീസ് കോപ്പി

നം.കെ.എസ്.എ.റ്റി.വി.എം./എം.എൽ.121/2017 തീയതി : 12.01.2017

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് നഗരസഭയുടെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് നഗരസഭയുടെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ21.07.16 മുതൽ 10.12.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. മോഹനൻ പിള്ള. വി.എം, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 16.12.2016മുതൽ 27.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ഗോപകുമാർ.ബി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>ശ്രീ.മുഹമ്മദ്സലിം.എം,ഓഡിറ്റ് ഓഫീസർ<br>ശ്രീ.സുരേഷ്ബാബു.ബി.ഓഡിറ്റർ(സീ.ഗ്രേ)<br>ശ്രീമതി.ശാലിനി.വി.കെ.ഓഡിറ്റർ(സീ.ഗ്രേ)<br>ശ്രീമതി.അനിഷ.എസ്.ബി,ഓഡിറ്റർ(സീ.ഗ്രേ)<br>ശ്രീമതി.തനജാ.എം.എൻ,ഓഡിറ്റർ(സീ.ഗ്രേ)<br>ശ്രീ.രജികുമാർ.എം, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | | |
|---|---|---|---|---|
| ചെയർപേഴ്സൺ | : | ശ്രീമതി. ലേഖാ സുരേഷ്<br>ചെറ്റച്ചൽ സഹദേവൻ | :<br>: | 01.04.2015മുതൽ31.10.2015 വരെ<br>19.11.2015 മുതൽ31.03.16വരെ |
| സെക്രട്ടറി | : | ശ്രീ. എസ്. ജഹാംഗീർ | | 01.04.2015മുതൽ 31.03.16വരെ |

നിർവ്വഹണഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വെറ്റിനറി സർജൻ | ഡോ.എസ്.എസ്.ഗിരി | 01.04.2015 മുതൽ 31.03.2016 വരെ |
| പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ് | ശ്രീ.സാബു വലേറിയൻ | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.അജയകുമാർ.പി | 01.04.2015 മുതൽ 31.03.2016 വരെ |
| എസ്.സി.ഡി.ഒ | പ്രശാന്തൻ ഇ.പെരേര | 01.04.2015 മുതൽ 31.03.2016 വരെ |
| മുനിസിപ്പൽ എഞ്ചിനീയർ | എൻ.കെ. പ്രദീപ് കുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശോഭന.ഡി.എസ് | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഫീൽഡ് ഓഫീസർ | ശ്രീ.വിൽസൻ | 01.04.2015 മുതൽ 31.03.2016 വരെ |
| പ്രോജക്റ്റ് ഓഫീസർ | വൈകുണ്ഠൻ എൽ.എസ് | 01.04.2015 മുതൽ 31.03.2016 വരെ |



| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |

| | | | |
|---|---|---|---|
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം -2 | | |
| 12 | ഷോപ്പിംഗ് കോംപ്ലക്സ് വാടക – കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല | 2-1 | |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല 20000/- നഷ്ടം | 2-2 | |
| 14 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങാതെ അൺഎയിഡഡ് സ്ഥാപനങ്ങൾ- നഗരസഭയ്ക്ക് നഷ്ടം | 2-3 | |
| 15 | തൊഴിൽ നികുതി - അപാകതകൾ | 2-4 | |
| 16 | ഡി&ഒ ലൈസൻസ്- ഡിമാൻറ് ചെയ്തെങ്കിലും ലൈസൻസ് ഫീ ഈടാക്കിയില്ല | 2-5 | |
| 17 | വിമുക്തഭടൻമാരുടെ വസ്തുനികുതിയിളവ് അപേക്ഷ നിരസിച്ചിട്ടും- നികുതി ഈടാക്കിയില്ല | 2-6 | |
| 18 | ലേലം- സേവനനികുതി ഈടാക്കിയിട്ടില്ല- | 2-7 (1) | |
| 19 | കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് സർവീസ് ചാർജ്ജ് ഈടാക്കുന്നില്ല | 2-7 (2) | |
| 20 | ഡി&ഒ ലൈസൻസ് മുൻവർഷത്തേക്കാൾ കുറവ് | 2-8 | |
| 21 | ലേലം- നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. | 2-9 | |
| | ഭാഗം - 3 | | |
| 22 | അക്കാദമിക് കൗൺസിൽ പ്രവർത്തനങ്ങൾ-അപാകതകൾ | 3-1 | |
| 23 | 8mm സ്റ്റീൽ ബാർ ഉപയോഗിച്ചതിന് അധിക നിരക്ക് നൽകി - നഷ്ടം 21270/-രൂപ | 3-2 | |
| 24 | 10mmസ്റ്റീൽ ബാർ ഉപയോഗിച്ചതിന് അധിക നിരക്ക് നൽകി- നഷ്ടം- 8364/-രൂപ | 3-3 | |
| 25 | സിമെന്റ് ഇന്റർലോക്കിംഗ് ബ്ലോക്ക് പാകൽ അധിക നിരക്ക് നൽകി-നഷ്ടം3743/- രൂപ | 3-4 | |
| 26 | റോഡ് കോൺക്രീറ്റിംഗ് അധികം ചെലവാക്കിയ 3495/- രൂപ നിരാകരിക്കുന്നു | 3-5 | |
| 27 | അതുല്യം- സമ്പൂർണ്ണ വിദ്യാഭ്യാസ പരിപാടി | 3-6 | |
| 28 | സ്കൂൾ വിദ്യാർത്ഥികളുടെ കലാകായിക അഭിരുചി മെച്ചപ്പെടുത്തൽ -തുക തടസ്സത്തിൽ- | 3-7 | |
| 29 | രേഖകൾ ഹാജരാക്കിയിട്ടില്ല- 448513/- രൂപ തടസ്സപ്പെടുത്തുന്നു. | 3-8 | |
| 30 | ഗവ. ഹയർസെക്കണ്ടറി സ്കൂളിലെ ലാബ് സൗകര്യം മെച്ചപ്പെടുത്തൽ- അപാകതകൾ | 3-9 | |
| 31 | പാലിയേറ്റീവ് കെയർ പദ്ധതി - മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല- 251893/- രൂപ തടസ്സപ്പെടുത്തുന്നു | 3-10 | |

| | | | |
|---|---|---|---|
| 32 | പ്രീപ്രൈമറി ശിശുസൗഹൃദ പഠനപ്രവർത്തനങ്ങൾ- അപാകതകൾ | 3-11 | |
| 33 | നെടുമങ്ങാട് ഠൗൺ മാർക്കറ്റ് ശുചീകരണം - 57000/- രൂപ തടസ്സപ്പെടുത്തുന്നു | 3-12 | |
| 34 | തുടർ വിദ്യാഭ്യാസം- തുല്യതാ പഠനം പത്താം തരം- മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3-13 | |
| 35 | സർക്കാർ നിർദ്ദേശം പാലിച്ചില്ല- പലിശയിനത്തിൽ സർക്കാരിന് വൻ നഷ്ടം | 3-14 | |
| 36 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - ഡി.ഡി തുകയുടെ വിവരങ്ങൾ ലഭ്യമല്ല. | 3-15 | |
| 37 | ഭവനനിർമ്മാണ ധനസഹായം- മാർഗ്ഗരേഖ പാലിച്ചില്ല | 3-16 | |
| 38 | ചെലവ് രേഖകൾ ലഭ്യമല്ല | 3-17 | |
| 39 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല. | 3-18 | |
| 40 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-19 | |
| | ഭാഗം - 4 | | |
| 41 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 42 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 44 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 46 | ഓഡിറ്റ് റിക്കവറി | 4-6 | |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25.3.15 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 05.08.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 16.12.2016 മുതൽ 24.12.2016 വരെ | അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 138295276.25 |
| വരവ് | : | 199496228 |
| ആകെ | : | 337791504.25 |
| ചെലവ് | : | 296060439 |
| നീക്കിയിരിപ്പ് | : | 41731065.25 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് തുക | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 19517777 | 2463017 | 50484327 | 72465121 | 72465121 | |
| വികസനഫണ്ട് എസ്.സി.പി. | 9842504 | 17296816 | -7053534 | 20085786 | 20085786 | |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - | |
| സംരക്ഷണ ഗ്രാന്റ് റോഡ് | 6067482 | 12889262 | 122109 (-) | 18834635 | 18834635 | |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 5659723 | 7172275 | 122109 (+) | 12954107 | 12954107 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 20088494 | 48435130 | (-) 32361591 | 36162033 | 36162033 | |
| പെർഫോമൻസ് ഗ്രാന്റ് | 14727059 | 7355479 | (-) 11069202 | 11013336 | 11013336 | |
| എ.യു.ഇ.ജി.എസ് | 1058388 | 5101270 | | 6159658 | 3242516 | 2917142 |
| ബി ഫണ്ട് | 0 | 61792151 | | 61792151 | 61792151 | - |

എ.എഫ്.എസ് പ്രകാരം 285705/- രൂപ Cash in hand ആയി Rp 40 (b) യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ തുക 31.03.2016 -ൽ ബാങ്കിൽ ഒടുക്കിയിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 286 | 232476098 | 202 | 161678089 | 64 | 20 | 70.63 |

നഗരസഭയിൽ തൻവർഷം നടപ്പിലാക്കിയ വിവിധ പദ്ധതികൾ പരിശോധിച്ചതിൽ പൂർണ്ണമായ തോതിൽ മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. ഇത് പദ്ധതി നടത്തിപ്പിന്റെ സുതാര്യത, കാര്യക്ഷമത എന്നിവയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ മോണിറ്ററിംഗ് കാര്യക്ഷമവും ക്രിയാത്മകവുമായിരിക്കുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| I നികുതി വരവുകൾ | | | | |
| വിനോദ നികുതി | 2055192 | 2141220 | 86028 | +4.18 |
| തൊഴിൽ നികുതി | 11070353 | 11798297 | 727944 | +6.57 |
| കെട്ടിട നികുതി | 11007505 | 10234381 | -773124 | -7 |
| പരസ്യ നികുതി | 156655 | 133707 | -22948 | -14.6 |
| IIനികുതിയേതര വരവുകൾ | | | | |
| ലേലം | 1364250 | 2478000 | 1113750 | 81.6 |
| ഷോപ്പിംഗ് കോംപ്ലക്സ് | 3370298 | 3450536 | 80238 | 2.38 |
| ഡി & ഒ ലൈസൻസ് | 160482 | 187516 | 27034 | 16.84 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1967640 | 1212 |
| കർഷകതൊഴിലാളി പെൻഷൻ | 8389620 | 1049 |
| വിധവാപെൻഷൻ | 25455320 | 2802 |
| വാർദ്ധക്യകാലപെൻഷൻ | 17297220 | 3569 |
| വികലാംഗപെൻഷൻ | 6058475 | 652 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 450000 | 15 |
| അവിവാഹിത പെൻഷൻ | 879320 | 92 |

60 വയസ്സ് പൂർത്തിയാകാത്ത ഗുണഭോക്താക്കൾക്ക് വാർദ്ധക്യകാല പെൻഷൻ അനുവദിച്ചിട്ടുണ്ട്. ക്ഷേമ പെൻഷനുകൾ അനുവദിക്കുമ്പോൾ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.12.2016 10 AM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37754/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

കണ്ടിജന്റ് ജീവനക്കാർക്ക് വേതനം നൽകുന്ന രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. വേതനം നൽകുന്ന തീയതി, എന്തിനത്തിൽ തുക നൽകുന്നു, എന്നീ വിശദാംശങ്ങൾ രജിസ്റ്ററിൽ നിർബന്ധമായും ചേർക്കേണ്ടതാണ്. രജിസ്റ്ററുകളൊന്നും തന്നെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് വിതരണ രജിസ്റ്ററുകൾ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല. അഡ്വാൻസ് നൽകിയ തുകകൾ ക്രമീകരിച്ചതായി കാണുന്നില്ല. വൗച്ചറിനോട് ഒപ്പം അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല. ലോൺ രജിസ്റ്ററിൽ ശരിയായി രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ സർക്കാർ മാർഗ്ഗരേഖയ്ക്കനുസൃതമാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ചെലവ് രേഖകൾ പ്രോജക്ടിനോടൊപ്പം സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നടന്നിട്ടില്ല | | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | സെപ്റ്റംബർ 2015 | 2012-13 to 2015-16 | 7.10.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഷോപ്പിംഗ് കോംപ്ലക്സ് വാടക – കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല

നഗരസഭയുടെ പരിധിയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് 19.02.2015-ലെ ജനറൽ കമ്മിറ്റി തീരുമാനം നമ്പർ 1 പ്രകാരം വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാടക പൂർണ്ണമായും ഒടുക്കാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | കടമുറി നമ്പർ | കുടിശ്ശിക വരുത്തിയ മാസങ്ങൾ | മാസ വാടക | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | സെക്രട്ടറി, ഐ.എൻ.റ്റി.യു.സി | 14/418 | 4/15 to 3/16 | 167 | 2004 |
| 2 | സെക്രട്ടറി, CPI Office | 14/409 | 3/16 | 167 | 167 |
| സെമി പെർമനന്റ് ഷെഡ് - എ,ബി,സി ബ്ലോക്ക് | | | | | |
| 3 | സ്വർണപ്പൻ | 14/404(c-18) | 2/16- 3/16 | 503 | 1006 |
| 4 | സ്വർണപ്പൻ | 14/409 (c-19) | 2/16- 3/16 | 503 | 1006 |
| 5 | നബീസാബീവി | 14/409(c21) | 3/16 | 503 | 503 |
| ന്യൂ ഷോപ്പിംഗ് കോംപ്ലക്സ് | | | | | |
| 6 | രാജശ്രീ | 14/305(13) | 8/15 – 3/16 | 1624 | 12992 |
| ഇരിഞ്ചയം ഷോപ്പിംഗ് കോംപ്ലക്സ് | | | | | |
| 7 | സബീർഖാൻ | 24/352(1) | 3/16 | 500 | 500 |

| | | | | | |
|---|---|---|---|---|---|
| 8 | സജാദ് സാഗർ | 24/352(6) | 12/15-3/16 | 348 | 1392 |
| | പൂവത്തൂർ ഷോപ്പിംഗ്കോംപ്ലക്സ് | | | | |
| 9 | സെക്രട്ടറി,ഇ.കെ.നായനാർ ഗ്രന്ഥശാല | 28/130(2) | 4/15-3/16 | 1260 | 15120 |
| ബങ്ക് | | | | | |
| 10 | മുരളീധരൻ | 44 | 2/16-3/16 | 806 | 1612 |
| ആകെ | | | | 36302 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വാടക കുടിശ്ശിക വരുത്തിയവരിൽ നിന്നും വാടക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കാത്ത പക്ഷം 36302/-രൂപ സെക്രട്ടറിയുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല 20000/- നഷ്ടം

1994-ലെ കേരള മുനിസിപ്പലാറ്റി ചട്ടങ്ങൾ 245 (2) പ്രകാരം ജനറൽ സെയിൽ ടാക്സ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങൾ 1956-ലെ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ, ബാങ്കുകളും അവയുടെ ശാഖകളും, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ കോ - ഓപ്പറേറ്റീവ് സൊസൈറ്റികൾ ബാർ ഹോട്ടലുകൾ, സ്റ്റാർ-ഹോട്ടലുകൾ, പെട്രോൾ പമ്പുകൾ മുതലായവ ഓരോ അർദ്ധവർഷവും 1250/- രൂപ ക്രമത്തിൽ സ്ഥാപതൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരാണ്.

2015--16 വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽ നികുതി ഒടുക്കിയിട്ടില്ല. വിശദവിവരം ചുവടെ.

| ക്രമ.നം. | സ്ഥാപനത്തിന്റെ പേര്. | കാലയളവ്. | തുക. |
|---|---|---|---|
| 1 | മാവേലി സ്റ്റോർ, ഇരിഞ്ചയം. | 2015-16. ഒന്നും രണ്ടും അർദ്ധവർഷം. | 2500 |
| 2 | എസ്.ബി.റ്റി. പഴകുറ്റി, നെടുമങ്ങാട്. | ടി | 2500 |
| 3 | എസ്.വി. ക്ലിനിക്, നെടുമങ്ങാട്. | ടി | 2500 |
| 4 | ഹോട്ടൽ ഇന്ദ്രപ്രസ്ഥ, നെടുമങ്ങാട്. | ടി | 2500 |
| 5 | മുത്തൂറ്റ് ഫിൻ കോർപറേഷൻ, മാർക്കറ്റ് ജംഗ്ഷൻ, നെടുമങ്ങാട്. | ടി | 2500 |
| 6 | മുത്തൂറ്റ് ഫിൻ കോർപറേഷൻ, വാളിക്കോട്, നെടുമങ്ങാട്. | ടി | 2500 |
| 7 | മുത്തൂറ്റ് ഫിൻ കോർപറേഷൻ , ഐ.എസ്. ആർ.ഒ. ജംഗ്ഷൻ. | ടി | 2500 |
| 8 | റീജിയണൽ അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നെടുമങ്ങാട്. | രണ്ടാം അർദ്ധവർഷം. | 1250 |
| 9 | നെടുമങ്ങാട് താലൂക്ക് ബിൽഡിംഗ് വർക്കേഴ്സ് വെൽഫെയർ സൊസൈറ്റി. | ടി | 1250 |
| | ആകെ. | | 20000 |

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ 2015-16 വർഷം സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്തതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/16 ന് മറുപടിയായി ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും, ആയത് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ

സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കി മേൽനടപടി സ്വീകരിക്കുന്നതാണ്.

## 2-3 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങാതെ അൺഎയ്ഡഡ് സ്ഥാപനങ്ങൾ– നഗരസഭയ്ക്ക് നഷ്ടം

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് നം. ജി.ഒ (ആർ.ടി) 242/ 2007/പൊതുവിദ്യാഭ്യാസം തീയതി 1.8.2007 പ്രകാരം തദ്ദേശസ്ഥാപന പരിധിയിൽ വരുന്ന അൺഎയ്ഡഡ് സ്ഥാപനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് എൽ.എസ്.ജി.ഡി എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് ആയിരം രൂപ നിരക്കിൽ ഈടാക്കാനാണ് നിർദ്ദേശം ഉള്ളത്. എന്നാൽ നെടുമങ്ങാട് നഗരസഭയിൽ അപ്രകാരം അൺഎയ്ഡഡ് സ്ഥാപനങ്ങൾക്ക് ഫിറ്റ്ന്സ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 18ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മനാറൽ ഹുദാ ഇംഗ്ളീഷ് മീഡിയം ഹയർസെക്കൻററി സ്കൂൾ, ദർശനാ ഇംഗ്ളീഷ് മീഡിയം സ്കൂൾ, കൈരളി വിദ്യാഭവൻ ഇംഗ്ളീഷ് മീഡിയം സ്കൂൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നു. മൂന്ന് അൺഎയ്ഡഡ് സ്ഥാപനങ്ങളും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. മേൽസാഹചര്യത്തിൽ ഒരു സ്ഥാപനത്തിന് ആയിരം രൂപ നിരക്കിൽ മൂന്നു സ്ഥാപനങ്ങളിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട തുക മൂവായിരം രൂപ നഷ്ടമായതായി ഓഡിറ്റ് വിലയിരുത്തുന്നു. നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ അൺഎയ്ഡഡ് സ്ഥാപനങ്ങളും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി - അപാകതകൾ

*(A) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്- 2000/- രൂപ നഷ്ടം*

1994-ലെ കേരള മുനിസിപ്പലാറ്റി ചട്ടങ്ങൾ 252, 253, 254, 256 എന്നിവ അനുസരിച്ച് ഓഫീസുകൾ, കമ്പനികൾ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർ റൂൾ 3 സബ് റൂൾ 1 പ്രകാരമുള്ള നിരക്കിൽ തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരാണ്. എന്നാൽ 2015-16 ഒന്നും, രണ്ടും അർദ്ധവർഷങ്ങളിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദവിവരം ചുവടെ.

| ക്രമ നം. | ജീവനക്കാരന്റെ പേര്/തസ്തിക | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| 1 | ദേവദാസ്. കെ, ട്രേഡ്സ്മാൻ, ഗവ. പോളിടെക്നിക്. നെടുമങ്ങാട്. | 127896 | 1250 | 1000 | 250 |

| | | | | | |
|---|---|---|---|---|---|
| 2 | ദീപ.കെ.മണി., ലാബ്ടെക്നിക്കൽ അസി. ഗവ. THS&VHSS., നെടുമങ്ങാട്. | 126014 | 1250 | 1000 | 250 |
| 3 | രാധിക.പി.ആർ.,<br>I.C.T.C Counsellor., ജില്ലാ ആശുപത്രി, നെടുമങ്ങാട് | 100500 | 1000 | 750 | 250 |
| 4 | ദിവ്യ. എസ്. ആർ. , I.C.T.C. Counsellor, ജില്ലാ ആശുപത്രി, നെടുമങ്ങാട്. | 100500 | 1000 | 750 | 250 |
| 5 | ജീവപ്രകാശ്. സി.പി, ക്ലാർക്ക്, താലൂക്ക് സപ്ലൈ ഓഫീസ്, നെടുമങ്ങാട്. | 101402 | 1000 | 750 | 250 |
| 6 | ശ്രീകുമാർ.എസ്. , ക്ലാർക്ക്, താലൂക്ക് സപ്ലൈ ഓഫീസ് നെടുമങ്ങാട്. | 127246 | 1250 | 1000 | 250 |
| 7 | വീണ. വി.,<br>ഓഫീസ് അസി., കേരള ഗ്രാമീൺ ബാങ്ക്. | 136199 | 1250 | 1000 | 250 |
| 8 | ബൈജു. സി.,<br>ഓഫീസ് അസി.,<br>കേരള ഗ്രാമീൺ ബാങ്ക്. | 138476 | 1250 | 1000 | 250 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | ആകെ | | | | 2000 |

തൊഴിൽ നികതി ഈടാക്കിയതിൽ കുറവ് വന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/16) സെക്രട്ടറി നല്കിയ മറുപടിയിൽ ടി വ്യക്തികൾക്ക് നോട്ടീസ് നല്കി കുറവ് വന്ന തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്ന താണെന്ന് അറിയിച്ചിട്ടുണ്ട്. കുറവ് വന്ന തുക ഈടാക്കി അറിയിക്കേണ്ടതാണ്.

*B) തൊഴിൽ നികുതി ഈടാക്കിയിട്ടില്ല*

2015-16 സാമ്പത്തിക വർഷം (ഒന്നും രണ്ടും അർദ്ധവർഷം) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ

1. റീജിയണൽ അർബൻ കോ.ഓപ്പറേറ്റീവ് സൊസൈറ്റി, നെടുമങ്ങാട്

2. തിരുവനന്തപുരം ജില്ലാ കോ.ഓപ്പറേറ്റീവ് മാർക്കറ്റിംഗ് & പ്രോസ്സസിംഗ് സൊസൈറ്റി

3. നെടുമങ്ങാട് താലൂക്ക് മോട്ടോർ ആട്ടോറിക്ഷ ട്രാൻസ്പോർട്ട് വെൽഫെയർ കോ.ഓപ്പറേറ്റീവ് സൊസൈറ്റി

4. നെടുമങ്ങാട് താലൂക്ക് വെജിറ്റബിൾ ഫോറം &മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

5. നെടുമങ്ങാട് സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്

6. നെടുമങ്ങാട് താലൂക്ക് പട്ടിക വർഗ്ഗ വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

7. സ്മാൾ സ്കെയിൽ ഇന്റസ്ട്രീസ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി

8. ഹൗസിംഗ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് റ്റി384, നെടുമങ്ങാട്

9. റീജിയണൽ എസ്റ്റേറ്റ് എംപ്ലോയീസ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി

10. ഹോർട്ടി കോർപ്പ്, നെടുമങ്ങാട്

കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ നെടുമങ്ങാട് എഫ്. എൽ 1 ഷോപ്പിലെ ജിവനക്കാരിൽ നിന്നും 2015-16 ഒന്നാം അർദ്ധവർഷം 1250/-രൂപ (ഒരാളിൽ നിന്നും) രണ്ടാം അർദ്ധവർഷം 3500/- രൂപയും ( 4 പേരിൽ നിന്നും) മാത്രമേ ഈടാക്കിയിട്ടുള്ളൂ. ടി സ്ഥാപനത്തിൽ ഷോപ്പ് ഇൻ ചാർജ്ജ്, സെയിൽസ്മാൻ, അബ്കാരി വർക്കർ എന്നീ തസ്തികകളിലായി വളരെപേർ ജോലി ചെയ്യുന്നു. എന്നാൽ അവരുടെ അർദ്ധവാർഷിക വരുമാന പത്രികകൾ ലഭ്യമല്ല. നെടുമങ്ങാട് എഫ്.എൽ 9 ഷോപ്പിൽ നിന്നും ജീവനക്കാരുടെ വിശദാംശങ്ങൾ ആവശ്യപ്പെടേണ്ടതാണ്.

മേൽ പറഞ്ഞ 10 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24 ന് ലഭ്യമാക്കിയ മറുപടിയിൽ ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും തൊഴിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

*(C) അൺഎയ്ഡഡ് സ്കൂളിലെ തൊഴിൽ നികുതി*

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന അൺഎയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരിൽ നിന്നും ഈടാക്കുന്ന തൊഴിൽ നികുതി ഒരു അർദ്ധ വർഷം 380/- രൂപ, 180/- രൂപ എന്നീ നിരക്കുകളിലാണ്. ഇവരുടെ അർദ്ധവാർഷിക വരുമാന പത്രികകൾ പരിശോധിച്ചതിൽ പ്രതിമാസം ഇവർക്ക് നൽകുന്ന ശമ്പളം 6500/- രൂപയിൽ താഴെയാണ്. മിനിമം വേതനം പ്രതിമാസം 10000/- രൂപയിൽ കുറയാൻ പാടില്ല എന്ന ബഹു.ഹൈക്കോടതിയുടെ WP(C) No 32928/11 തീയതി 14.09.2012 ഉത്തരവ് നിലനിൽക്കെയാണ് അൺഎയ്ഡഡ് സ്കൂളുകളിലെ ജീവനക്കാർക്ക് 6500/- രൂപയിൽ താഴെ വേതനം നൽകുന്നത്. ഇത് ബഹു.ഹൈക്കോടതി ഉത്തരവിന്റെ ലംഘനമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 12 നുള്ള മറുപടിയിൽ സ്കൂൾ പ്രിൻസിപ്പൽമാർ സാക്ഷ്യപ്പെടുത്തി നൽകുന്ന സ്റ്റേറ്റ്മെന്റ് പ്രകാരമാണ് ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത് എന്നാണ്. ബഹു. ഹൈക്കോടതി ഉത്തരവ് നടപ്പാക്കുന്നതിന് സ്ഥാപനത്തെ നിർബന്ധിക്കുവാൻ നഗരസഭക്ക് അധികാരമില്ലാ ത്തതിനാൽ ഓഡിറ്റ്

എൻക്വയറിയുടെ പകർപ്പ് സ്ഥാപന മേധാവികൾക്ക് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 2-5 ഡി&ഒ ലൈസൻസ്- ഡിമാൻറ് ചെയ്തെങ്കിലും ലൈസൻസ് ഫീ ഈടാക്കിയില്ല

ഡി&ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഡിമാന്റ് ചെയ്തെങ്കിലും ആയവ കളക്ട് ചെയ്തതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം. | ബിൽഡിംഗ് നം. | പേര് | ഡിമാന്റ് | റിമാർക്സ് |
|---|---|---|---|---|
| XVII | 333(41) | എൽ. ആർ.ഷാർജ, റബ്ബർ ഉഡ്സ് | 400 | ഫീസൊടുക്കാത്തതിനാൽ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് എൻക്വയറി 6ന് മറുപടി ലഭ്യമാക്കി |
| XVIII | 312(5,6) | ഹരിലാൽ. വി, ഗണേശ് ഓട്ടോ സൊല്യൂഷൻസ് | 400 | ,, |
| XXV | 549(5) | ഇന്ദിര. എൻ | 155 | ,, |
| XXV | 564 | ചന്ദ്രിക. ബി വിനയ ബേക്കറി | 225 | ,, |

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 447 പ്രകാരം സ്ഥലങ്ങൾ ഏതാവശ്യ ങ്ങൾക്കും ലൈസൻസ് കൂടാതെ ഉപയോഗിച്ചു കൂടാത്തതിനാലും നിലവിൽ പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നവയായതിനാലും അടിയന്തിരമായി അവയെക്കൊണ്ട് ലൈസൻസ് എടുപ്പിക്കേണ്ടതും ലൈസൻസ് ഫീസിനത്തിൽ ഡിമാന്റ് ചെയ്തിട്ടുള്ള തുക 1180/- രൂപ പിഴപ്പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേ ണ്ടതുമാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

## 2-6 വിമുക്തഭടൻമാരുടെ വസ്തുനികുതിയിളവ് അപേക്ഷ നിരസിച്ചിട്ടും- നികുതി ഈടാക്കിയില്ല

ജി.ഒ.(എം.എസ്) 242/13/lsgd 2.7.13 പ്രകാരം വിമുക്തഭടൻമാർക്ക് വസ്തു നികുതിയിളവ് നൽകുമ്പോൾ ഇതു സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കേണ്ടതും നികുതി ഇളവിനുള്ള അപേക്ഷ എല്ലാ സാമ്പത്തിക വർഷവും ഏപ്രിൽ പത്തിനു മുൻപ് നൽകേണ്ടതുമാണ്. വിമുക്തഭടൻമാരുടെ വസ്തുനികുതിയിളവ് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 2015-16 വർഷം നികുതിയിളവ് നിരസിക്കപ്പെട്ട ചുവടെ ചേർത്തിട്ടുള്ള വ്യക്തികൾ വാർഷിക നികുതി അടച്ചിട്ടില്ല.

| പേരും മേൽവിലാസവും | വാർഡ് നം., വീട്ടു നം. | വാർഷിക നികുതി | റിമാർക്സ് (രജിസ്റ്റർ പ്രകാരം) |
|---|---|---|---|
| ഗംഗാധരൻ നായർ തിരുവോണം, പനങ്ങോട്ടേല, കരുപ്പൂര് | 6/193(1) | 226+LC | 1.4.15ൽ പുതുക്കുന്നതിനുള്ള അപേക്ഷ നൽകിയെങ്കിലും നികുതി ആനുകൂല്യം അനുവദിച്ചിട്ടില്ല |

| | | | |
|---|---|---|---|
| കെ. ദാമോദരൻ<br>മിനിഭവൻ, പൂവത്തൂർ | 28/150 | - | 15-16 വർഷം പുതുക്കുന്നതിനു കഴിയില്ലായെന്നും കാലാവധി അവസാനിച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു |
| സതീന്ദ്രൻ. പി.കെ<br>ശ്രീഹരി, കരുപ്പൂര് | 6/322(1) | 473 | കാലാവധി കഴിഞ്ഞതിനാൽ കരം ഒടുക്കണമെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| ജി.ശശിധരൻ, തോപ്പുവിളാകത്ത് വീട്, അരശുപറമ്പ് | 20/265 | 73+LC | നാളിതുവരെ നികുതിയിളവ് അനുവദിച്ചിട്ടില്ല. പുതുക്കുന്നതിന് കഴിയില്ലായെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| ജി. കൃഷ്ണൻ നായർ, ഗോവിന്ദവിലാസം, ഉളിയൂർ, പഴകുറ്റി പി.ഒ | 22/294 | 28+LC | 14-15,15-16 വർഷം അപേക്ഷ നിശ്ചിതസമയത്ത് സമർപ്പിക്കാത്തതിനാൽ അപേക്ഷ നിരസിച്ചതായും കരം ഒടുക്കേണ്ടതാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. |
| വേണുഗോപാൽ, വിഷ്ണുഭവൻ, വി.പി.നഗർ, പൂവത്തൂർ | 28/166(1) | 286+LC | " |
| കെ. വിക്രമൻനായർ, പറയ്കോണത്ത് പുത്തൻവീട്, പൂവത്തൂർപി.ഒ | 26/18(1) | 172+4 | നികുതിയിളവ് കാലാവധി അവസാനിച്ചതിനാൽ 15-16 മുതൽ നികുതി ഒടുക്കണം |
| മോഹനൻനായർ, പുന്നപുറത്തുവീട്,ചെല്ലാംകോട് | 24/154 | 93 | പുതുക്കിയിട്ടില്ല 15-16 വർഷം കരം ഒടുക്കേണ്ടതാണ്. |
| മുരളീധരൻനായർ, വിനായകഭവൻ, പൂവത്തൂർ | 25/568(2) | 563+LC | " |
| രവീന്ദ്രൻനായർ, ലക്ഷമീ വിലാസം, ഉളിയൂർ | 22/598 | 63+LC | " |

| | | | |
|---|---|---|---|
| | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ന. 8 ന് നൽകിയ മറുപടിയിൽ വിമുക്തഭടൻമാരുടെ കെട്ടിടങ്ങൾക്ക് പത്തുവർഷത്തേയ്ക്ക് നികുതിയിളവ് അനുവദിച്ച് സർക്കാർ ഉത്തരവുണ്ടായിരുന്നുവെന്നും എന്നാൽ നികുതിയിളവ് ഒരിക്കൽ അനുവദിച്ചാലും എല്ലാ സാമ്പത്തികവർഷവും ഏപ്രിൽ 10-ാം തീയതിയ്ക്കകം അപേക്ഷ സമർപ്പിച്ച് നികുതിയിളവ് പുതുക്കേണ്ടതാണെന്ന് 2.7.13ലെ 242/13 ത.സ്വ.ഭ.വ നമ്പർ പ്രകാരം ഉത്തരവായിരുന്നുവെന്നും അതിൻെറ അടിസ്ഥാനത്തിലാണ് പുതുക്കാത്തവർക്ക് നോട്ടീസ് നൽകിയതെന്ന് വ്യക്തമാക്കിയിരിക്കുന്നു. 2013ഉത്തരവിൽ സമയപരിധി സംബന്ധിച്ച് വ്യക്തത ഇല്ലാതി രുന്നതിനാൽ നഗരസഭ സർക്കാരിലേക്ക് സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് കുടിശിക നികുതി ഈടാക്കേണ്ടതാണെങ്കിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സർക്കാരിൻെറ സ്പഷ്ടീകരണം ലഭ്യമാകുന്ന മുറയ്ക്ക് തുടർനപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-7 <u>സേവന നികുതി</u>

*1) <u>ലേലം- സേവനനികുതി ഈടാക്കിയിട്ടില്ല-</u>*

കേന്ദ്രഫിനാൻസ് ആക്ട് 2007 പ്രകാരം നഗരസഭ വക ഭൂമിയിൽ നിന്നും ലഭിക്കുന്ന വാടക വരുമാനത്തിന് സേവന നികുതി കരാർ തുകയുടെ 12.36% കരാറുകാരിൽ നിന്നും ഈടാക്കുവാൻ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2015-16 സാമ്പത്തിക വർഷത്തിൽ ഇത്തരത്തിൽ സേവന നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലേലം ഇനം | ലേല തുക | ഈടാക്കേണ്ട സേവന നികുതി |
|---|---|---|
| ഠൗൺ മാർക്കറ്റ് ലേലം | 2360000 | 291696 |
| അറവുശാല ലേലം | 110000 | 13596 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 16 നുള്ള മറുപടിയായി കരാറുകാരിൽ നിന്നും സേവന നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന താണെന്ന് അറിയിച്ചിട്ടുണ്ട്. സേവന നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

*2) <u>കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് സർവീസ് ചാർജ്ജ് ഈടാക്കുന്നില്ല</u>*

2010 കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവനനികുതിയും സർചാർജ്ജ്) ചട്ടങ്ങളിലെ 30-ാം വകുപ്പനുസരിച്ച് കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285-ാം അനുച്ഛേദം അനുസരിച്ച് വസ്തു നികുതി ഉൾപ്പെടെയുള്ള നികുതി ഒഴിവാക്കിയിട്ടുള്ള കെട്ടിടങ്ങൾക്ക് നഗരസഭ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്ക്, ഡ്രെയിനേജ് മുതലായവയ്ക്ക് സർവീസ് ചാർജ്ജ് ഈടാക്കേണ്ടതാണ്. പ്രത്യേകിച്ച് നഗരസഭ സേവനങ്ങൾ ഒന്നും തന്നെ നൽകിയില്ലെങ്കിലും വസ്തുനികുതിയുടെ 33 1/3 % കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് സർവീസ് ചാർജ്ജ് ഈടാക്കാവുന്നതാണെന്ന് ബഹു, സുപ്രീംകോടതി 2009 നവംബറിൽ ശരിവച്ചിട്ടുണ്ട്. എന്നാൽ നെടുമങ്ങാട് നഗരസഭയുടെ പരിധിയിലുള്ള പോസ്റ്റ് ഓഫീസ് കെട്ടിടം, ഐ. എസ്.ആർ.ഒയുടെ ഉടമസ്ഥതയിലുള്ള കെട്ടിടം എന്നിവയ്ക്ക് സർവീസ് ചാർജ്ജ് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17 ന് നൽകിയ മറുപടിയിൽ ഇത് സംബന്ധിച്ച് പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ്

നൽകിയിട്ടുണ്ടെന്നും ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചിരിക്കുന്നു. അടിയന്തിരമായി തുടർ നടപടികൾ സ്വീകരിച്ച് നഗരസഭയ്ക്ക് സേവനനികുതിയിനത്തിൽ ലഭിക്കേണ്ടുന്ന തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 ഡി&ഒ ലൈസൻസ് മുൻവർഷത്തേക്കാൾ കുറവ്

കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 447 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല.

ഡി&ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ2014-15 വർഷം 1620 ലൈസൻസ് അപേക്ഷകൾ ഉണ്ടായിരുന്ന സ്ഥാനത്ത് 2015-16 വർഷം ആകെ 1472 ലൈസൻസ് അപേക്ഷകൾ മാത്രമാണ് ഉള്ളത്. ഇതിൽ നിന്നും നിരവധി സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി അനുമാനിക്കുന്നു. നഗരസഭാപരിധിയിലെ മുഴുവൻ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ കൊണ്ടു വന്ന് നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-9 ലേലം- നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

നെടുമങ്ങാട് നഗരസഭയിൽ 2015-16 സാമ്പത്തിക വർഷത്തിൽ നടത്തിയ വിവിധ ലേലത്തിൽ പങ്കെടുക്കുന്നതിനായി നിരതദ്രവ്യം സ്വീകരിച്ചതിന്റെയും തിരികെ നൽകിയതിന്റെയും വിവരങ്ങളടങ്ങിയ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 13 ന് മറുപടിയായി നിരതദ്രവ്യം പണമായും സ്വീകരിക്കാറുണ്ടെന്നും ഇത്തരത്തിൽ പണം കെട്ടിവച്ചവർക്ക് ( ലേലത്തിൽ ഒന്നും രണ്ടും സ്ഥാനക്കാർക്ക് ഒഴികെയുള്ള) ലേലത്തിന്റെ അവസാനം ലേലഡയറിയിൽ ഒപ്പ് വച്ച് പണം തിരികെ നൽകാറുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ നിരതദ്രവ്യം പണമായി സ്വീകരിക്കുന്ന നടപടി ക്രമവിരുദ്ധമാണ്. വരും വർഷങ്ങളിൽ ഈ പ്രവണത അവസാനിപ്പിക്കേണ്ടതും നിരതദ്രവ്യം ഡി.ഡിയായി ഒടുക്കുന്നവരെ പങ്കെടുപ്പിച്ചുകൊണ്ട് ലേലം നടത്തേണ്ടതുമാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അക്കാദമിക് കൗൺസിൽ പ്രവർത്തനങ്ങൾ–അപാകതകൾ

പ്രോജക്ട് നം. : SO 138/16

പേര് : അക്കാഡമിക് കൗൺസിൽ പ്രവർത്തനങ്ങൾ

ബിൽ നം : 2/15-16 ; 52100/-

: 3/15-16 : 40000

: 7/15-16: 70000/-

: 10/15-16: 58600/-

: 11/15-16: 80000/-

: 18/15-16: 90000/-

: 20/15-16:55000/-

: 26/15-16:95000/-

: 28/15-16: 90000/-

: 41/15-16: 69300/-

---

700000/- (ധനകാര്യകമ്മീഷൻ അവാർഡ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രിൻസിപ്പൽ, ഗവ. ഹയർസെക്കണ്ടറി സ്കൂൾ

വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിനായി 2015-16 വർഷം നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകൾ കാണുന്നു.

എ) ജി.ഒ.(എം.എസ്) 362/2013 തസ്വഭവ. തീയതി 16.11.13 പ്രകാരം ഉൽപ്പാദനപരമല്ലാത്ത പരിപാടിയായ ഉല്ലാസപഠനയാത്രകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ല. എന്നാൽ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന പ്രകാരം വിനോദയാത്രയ്ക്കായി തുക ചെലവഴിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| യാത്ര പോയ തീയതി | സ്ഥലം | ചെലവഴിച്ചത് |
|---|---|---|
| 24.7.15 | നാലാഞ്ചിറ, അഞ്ചുതെങ്ങ്, വർക്കല | 26020 |
| 6.8.15 | വേളി, വിഴിഞ്ഞം, കോവളം | 40000 |
| 19.9.15 | പദ്മനാഭപുരം പാലസ്, വട്ടക്കോട്ട, ശുചീന്ദ്രം, കന്യാകുമാരി | 31820 |
| 10.11.15 | സയൻസ് ആൻറ് ടെക്നോളജി മ്യൂസിയം, ലൈറ്റ് ഹൗസ്, മ്യൂസിയം | 29410 |
| 12.3.16 | കോവളം, പ്ലാനിറ്റോറിയം, സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം, സോയിൽ മ്യൂസിയം | 11240 |
| | ആകെ | 138490/- |

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വിനോദയാത്രയ്ക്കായി ചെലവഴിച്ച മുഴുവൻ തുകയും (138490/- രൂപയും) നിരാകരിക്കുന്നു.

ബി) കേരള സ്റ്റോർ പർച്ചേയ്സ് മാന്വൽ 2013 ഖ. 7.7 പ്രകാരം ഒരു ലക്ഷം രൂപയും അതിനു മുകളിലും ഉള്ള തുകയ്ക്ക് സാധനങ്ങൾ വാങ്ങുമ്പോൾ ടെണ്ടർ ക്ഷണിക്കേണ്ടതാണ്. എന്നാൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും 1,43,379/- രൂപയ്ക്ക് സാധനങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും മേൽ ചട്ടം പാലിച്ചിട്ടില്ല. കൂടാതെ വാങ്ങിയ പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം നടത്തിയതിന്റെയോ വിശദാംശങ്ങൾ ലഭ്യമല്ല. റീട്ടെയിൽ ഇൻവോയിസ് മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്. കാഷ് ബിൽ, സ്ഥാപനങ്ങൾ തുക കൈപ്പറ്റിയതിൻെറ വിശദാംശം എന്നിവ ലഭ്യമല്ല.

സി) കമ്പ്യൂട്ടർ, ലാപ്ടോപ്പ്, അനുബന്ധ ഉപകരണങ്ങൾ എന്നിവ 1,87,133/- രൂപയ്ക്ക് Aptway എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയെങ്കിലും മേൽ പ്രകാരമുള്ള സ്റ്റോർപർച്ചെയ്സ് ചട്ടങ്ങൾ പാലിച്ചിട്ടില്ല. കൂടാതെ ഇതിൻെറ സ്റ്റോക്ക്

വിതരണ രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല.

ഡി) വേലായുധൻപിള്ള ആന്റ് സൺസിൽ നിന്നും 5000/- രൂപയ്ക്ക് സാധനങ്ങൾ വാങ്ങിയതായും ഫയൽ ബോർഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ക്ലാസ് നൽകിയതിന് ശ്രീമതി അമൃത. പിയ്ക്ക് 2000/- രൂപ നൽകിയതായും വൗച്ചർ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും എത്ര പേർക്ക് ക്ലാസ് നൽകി, ടീച്ചറിനെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം, എത്ര ദിവസത്തേയ്ക്ക് ക്ലാസ് നൽകി തുടങ്ങിയ കാര്യങ്ങൾ ലഭ്യമല്ല.

ഇ) സ്റ്റോക്ക് വിതരണ രജിസ്റ്ററുകൾ പരിപാലിക്കാത്തതിനാലും ഭൗതിക പരിശോധന നടത്തിയതിൽ വാങ്ങിയതായി പറയുന്ന സാധനങ്ങൾ മുഴുവനും കണ്ട് ബോധ്യപ്പെടാൻ കഴിയാത്തതിനാലും മേൽ ബില്ലുകൾ പ്രകാരമുള്ള ചെലവുകൾ ആധികാരികമാണോയെന്ന് പരിശോധിക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.20ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. മേൽസാഹചര്യത്തിൽ നിരാകരിച്ച തുകകഴിച്ച് 561510/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-2 8mm സ്റ്റീൽ ബാർ ഉപയോഗിച്ചതിന് അധിക നിരക്ക് നൽകി-നഷ്ടം 21270/-രൂപ

മുനിസിപ്പൽ എഞ്ചനീയർ നിർവ്വഹണം നടത്തിയ ചില മരാമത്ത് പ്രവൃത്തികളിൽ 8mmസ്റ്റീൽ കമ്പികൾ ഉപയോഗിച്ചതിന് അധിക നിരക്ക് നൽകിയതു മൂലം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1 മുത്താം കോണം കോളനി റോഡ് പുനരുദ്ധാരണം

| | |
|---|---|
| പദ്ധതിയിനം | 87/16 |
| അടങ്കൽ | 672800/- (വികസന ഫണ്ട് SCP) |
| ചെലവ് | 663431/- |
| കരാറുകാരൻ | എസ്.രവി |
| എം. ബുക്ക് നമ്പർ | 87/15-16 |
| ബിൽ നമ്പർ | 19/ SCP/40/15-16 തീയതി 31.3.2016 |
| ടെണ്ടർ കിഴിവ് | 15.90% |

ടി പ്രവൃത്തിക്ക് ഇനം നമ്പർ 5 പ്രകാരം (steel Reinforcement for RCC work)44.60 മീറ്റർ 8mm കമ്പി ഉപയോഗിച്ചതിന് അധിക നിരക്ക് നൽകിയിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

44.60 മീറ്റർ 8 mmസ്റ്റീൽ ബാറിന് അനുവദിക്കേണ്ട തുക.

44.60 m X .395kg/m = 17.617kg

17.617kg @ 97.29/kg = 1713.95രൂപ

അനുവദിച്ച തുക = 3852.68/-

വ്യത്യാസം = 2138.73/-രൂപ

ടെണ്ടർ കിഴിവ് 15.90% = 340/-

അധികം അനുവദിച്ചത് = 1798/- (2138-340)

2 ഇലവുകുഴി റോഡ് കോൺക്രീറ്റിംഗ്

| | |
|---|---|
| പദ്ധതി നം. | 89/2016 |
| അടങ്കൽ | 870069/- തനത് ഫണ്ട് 117518/-<br>മെയിന്റനൻസ് ഗ്രാന്റ് റോഡ് 749284/-<br>മറ്റുള്ളവ 3267/- |
| ചെലവ് | 751896/- |
| കരാറുകാരൻ | എ.വിജയൻ |
| ടെണ്ടർ കിഴിവ് | 24.99% |
| ബിൽ നമ്പർ | MGR/9/15-16/dtd:22.1.2016 |
| എം.ബുക്ക് നമ്പർ | 34/2015-16 |

ടി പ്രവത്തിയിൽ ഇനം നമ്പർ 3 പ്രകാരം (എം. ബുക്ക് പേജ് നമ്പർ 5 മുതൽ 9വരെ) 171.10 മീറ്റർ 8mmസ്റ്റീൽ ബാർ ഉപയോഗിച്ചതിന് താഴെപറയും പ്രകാരം അധിക നിരക്ക് നൽകിയിട്ടുണ്ട്.

171.10 മീറ്റർ 8mm കമ്പിക്ക് അനുവദിക്കാവുന്ന തുക.

171.10m X.395kg/m 67.58kg

67.58kg @ 97.29/kg 6574/-

അനുവദിച്ച തുക 14780/-

വ്യത്യാസം 8206/-

ടെണ്ടർ കിഴിവ് 24.99% = 2050/-

അധികം നൽകിയത് 6156/- ( 8206-2050)

3, കാരവളവ്, പുത്തൻ വിള പാറയം വിളാകം റോഡ് ഇന്റർ ലോക്കിംഗ് & പാർശ്വഭിത്തി നിർമ്മാണം

| | |
|---|---|
| പദ്ധതി നം. | 67/16 |
| അടങ്കൽ | 721270/- വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 703410/- |
| കരാറുകാരൻ | ജെ.ആർ.സാജുകുമാർ |
| എം. ബുക്ക് നമ്പർ | 34/12-13 |
| ബിൽ നമ്പർ | PPG/163/15-16 തീയതി 31.3.16 |
| ടെണ്ടർ | 13.10%(കിഴിവ്) |

ടി പ്രവൃത്തിക്ക് ഇനം നമ്പർ A-7ൽ (എം.ബുക്ക് പേജ് നമ്പർ 27 മുതൽ 29 വരെ)പ്രകാരം 318.10 മീറ്റർ 8mmകമ്പി ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ അധിക നിരക്ക് അനുവദിക്കുക വഴി താഴെ പരയും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

318.10 മീറ്റർ 8mm കമ്പിക്ക് നൽകാവുന്ന നിരക്ക്

318.10 m X .395kg/m = 125.6kg

125.6kg @ 97.29/kg = 12220/-

നൽകിയ തുക = 27543/-

വ്യത്യാസം = 15323/-

ടെണ്ടർ കിഴിവ് = 13.10% = 2007/-

അധികം നൽകിയത് = 13316/- (15323 - 2007)

മേൽ സൂചിപ്പിച്ച മൂന്ന് പ്രവൃത്തികൾക്കും 8mm കമ്പിക്ക് നൽകേണ്ട നിരക്കിന്റെ സ്ഥാനത്ത് 12mm കമ്പിയുടെ നിരക്ക് നൽകിയതു മൂലമാണ് അധിക തുക അനുവദിക്കേണ്ടി വന്നത്. പ്രസ്തുത വിവരം ഓഡിറ്റ് എൻക്വയറി നം. 3, 25 എന്നിവ പ്രകാരം മുനിസിപ്പൽ എഞ്ചിനീയറെ ബോദ്ധ്യപ്പെടുത്തിയപ്പോൾ നഷ്ട തുക കരാറുകാരിൽ നിന്നും ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നഷ്ട തുകയായ 21270/-രൂപ കരാറുകാരിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-3 10mm സ്റ്റീൽബാർ ഉപയോഗിച്ചതിന് അധിക നിരക്ക് നൽകി. നഷ്ടം ₹ 8364/-

പദ്ധതി - നെടുമങ്ങാട് നഗരസഭയിലെ ലോറി പാർക്കിംഗ് യാർഡ് പുനരുദ്ധാരണം

പദ്ധതി നം. - 206/16

അടങ്കൽ - 8948000/- (ലോക ബാങ്ക് സഹായം)

ചെലവ് - 6356529/-

കരാറുകാരൻ - സി.ബി. ദിലീപ്

ടെണ്ടർ - 10.52% കിഴിവ്

എം.ബുക്ക് നമ്പർ - 107/15-16, 114/15-16

ബിൽ നം. - പാർട്ട് ബിൽ I - WB4/15-16 തീയതി 19.03.2016

പാർട്ട് ബിൽ II - WB6/15-16 തീയതി 31.03.2016

മേൽ സൂചിപ്പിച്ച പ്രവൃത്തിയിൽ Steel Reinforcement for RCC work എന്ന പ്രവൃത്തിക്ക് (എം.ബുക്ക് പേജ് നം.35 & 36. ഇനം നമ്പർ A-8) 10mm സ്റ്റീൽ ബാർ ഉപയോഗിച്ചതിന് (354.6m) അധിക നിരക്കും തുകയും അനുവദിച്ചിട്ടുണ്ട്. തൻമൂലം ചുവടെ വിശദീകരിക്കും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

നൽകിയ നിരക്കും തുകയും

354.6 മീറ്റർ @ 0.888Kg/m = 314.88Kg.

314.88kg @ 97.27Kg = 30628.38/-

നൽകേണ്ട നിരക്കും തുകയും

354.6 മീറ്റർ @0. 617Kg/m = 218.78Kg.

218.78 Kg. @ 97.27Kg = 21281/-

വ്യത്യാസം = 9347

ടെണ്ടർ കിഴിവ് = (10.52%) = 983/-

അധികം നൽകിയ തുക = 8364 (9347 -983)

ടി വിവരം ഓഡിറ്റ് അന്വേഷണം നം. 37 പ്രകാരം മുനിസിപ്പൽ എഞ്ചിനീയറെ ബോധ്യപ്പെടുത്തിയിരുന്നു. അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും വസൂലാക്കാം എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ

ലഭ്യമാക്കിയത്. ആകെയാൽ നഷ്ടത്തുക 8364/-രൂപാ കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 സിമന്റ് ഇന്റർലോക്കിംഗ് ബ്ലോക്ക് പാകൽ അധികനിരക്ക് നൽകി നഷ്ടം 3743/-രൂപ

പദ്ധതി - ചിറയത്തുകോണം - ചർച്ച് റോഡ് ഇന്റർലോക്ക് ചെയ്യൽ

പദ്ധതി നം. - 65/16

അടങ്കൽ - 3,30,000/- (വികസന ഫണ്ട് ജനറൽ)

ചെലവ് - 168238/-

കരാറുകാരൻ - എ. രമേശ്

എം. ബുക്ക് നം.- 71/2015-16

ബിൽ നം. - PFG/141/15-16/തീയതി 30.03.2016

ടെണ്ടർ കിഴിവ്- 12.20%

മേൽ സൂചിപ്പിച്ച പ്രവൃത്തിയിൽ "providing and laying 60mm thick factory made cement concrete interlocking paver block of M-30 grade made by block making machine with strong vibratory compaction, of approved size, design & shape, laid in required colour and pattern over and including 50mm thick compacted bed of coarse sand, filling the joints with fine sand etc. all complete as per the direction of Engineer-in-charge(എം.ബുക്ക്.ഐറ്റം നം.2) എന്ന പ്രവൃത്തിക്ക് അധിക നിരക്ക് നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് അനുവദനീയമായ നിരക്ക് ചുവടെ ചേർക്കുന്നു.

| Sl. No. | DSR 16.68 | Unit | Qty | Rate | Amount |
|---|---|---|---|---|---|
| 1 | Interlocking CC paver block (60mm thick m-30 Bedding layer 50mm thick) | Sqm. | 10 | 350 | 3500 |
| 2 | coarse sand (zone III) | $m^3$ | .500 | 1200 | 600 |
| 3 | Conveyance (coarse sand) | $m^3$ | .500 | 106.49 | 53.24 |
| 4 | fine sand (Zone IV) | $m^3$ | .150 | 700 | 105 |
| 5 | Conveyance (Fine sand) | $m^3$ | .150 | 106.49 | 15.97 |
| 6 | Mazon (brick layer)<br>I class | day | .500 | 435 | 217.5 |
| 7 | Mazon (brick layer)<br>II Class | day | .500 | 399 | 199.5 |
| 8 | Beldar | day | 1.00 | 329 | 329 |

| | | | | | |
|---|---|---|---|---|---|
| 9 | Coolie | day | .500 | 329 | 164.5 |

Total 5184.00

Add water charge (1%) 51.85

Total 5236.00

Add CPOH @ 15% 785.48

Cost of 10Sqm. 6022.04

Cost of 1Sqm. 602.20

with cost index 1.4287 860.33

Say 1.Sqm. Rs.860.33/-

ചെയ്ത പ്രവൃത്തി - 213.15$m^2$

നൽകാവുന്ന നിരക്ക് - 860.33/$m^2$

നൽകാവുന്ന തുക - 183379/-

നൽകിയ നിരക്ക് - 880.33/$m^2$

നൽകിയ തുക - 187642.33/-

വ്യത്യാസം - 4263/-

ടെണ്ടർ കിഴിവ് - 520/-

അധികം നൽകിയത് - 3743/- (4263-520)

ഈ വിഷയം ഓഡിറ്റ് അന്വേഷണം നമ്പർ 2 തീയതി 16.12.2016 പ്രകാരം മുനിസിപ്പൽ എഞ്ചിനീയറെ ബോധ്യപ്പെടുത്തുകയും, കരാറുകാരനിൽ നിന്നും തുക ഈടാക്കുമെന്ന് മറുപടി ലഭ്യമാക്കുകയും ചെയ്തു. ടി നഷ്ടതുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-5 റോഡ് കോൺക്രീറ്റിംഗ് അധികം ചെലവഴിച്ച 3495/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ : SO53/16 - പാറയിൽകോണം റോഡ് കോൺക്രീറ്റിംഗ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി അടങ്കൽ : 367947

പദ്ധതി ചെലവ് : 345871

പ്രസ്തുത പദ്ധതിയിൽ എം ബുക്ക് നമ്പർ 86/2015-16 പേജ് 4-സെന്ററിംഗ് & ഷട്ടറിംഗ് ഇനത്തിൽ 1മീറ്റർ നീളത്തിൽ പണി ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എം.ബുക്ക് പേജ് 10-ൽ CC 1:3:6 പണി 3 മീറ്റർ നീളത്തിൽ ചെയ്തതായി രേഖപ്പെടുത്തി തുക നൽകിയിരിക്കുന്നു. ഈ ഇനത്തിൽ ആകെ 0.52175 $m^3$ അളവ് കൂടുതലായി രേഖപ്പെടുത്തിയിരിക്കുന്നു.

[3x (.50+.45 ) x 0.5 ] - [1x (0.50+0.45) x0.587]

2 2

= 0.783-0.26215

= 0.52175 x 6678.02/ m3

= 3495/- രൂപ അധികം ചെലവ് ചെയ്തതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല. ടി തുക 3,495/-രൂപ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-6 അതുല്യം- സമ്പൂർണ്ണ വിദ്യാഭ്യാസ പരിപാടി

പ്രോജക്ട് നം. : SO144/16

പേര് : അതുല്യം സമ്പൂർണ്ണ വിദ്യാഭ്യാസ പരിപാടി

ബിൽ നം. : 23/15-16 : 14500/-
: 24/15-16 : 44000/-
: 38/15-16 : 5000/-
: 39/15-16 : 10000/-
: 43/15-16 : 6500/-

ആകെ 80000/- (വികസനഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ : (പ്രിൻസിപ്പൽ ഗവ.ഹയർ സെക്രട്ടറി സ്കൂൾ

ബിൽ നം. 38/15-16/21.3.16 പ്രകാരം പിൻവലിച്ച 5000/- രൂപയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ പാഠപുസ്തകം സാക്ഷരതാമിഷനിൽ നിന്നും ലഭിച്ചതിന്റെ പുസ്തകവില 2500 രൂപ (50 പേർക്ക്) സാക്ഷരതാമിഷനിൽ ഡി.ഡി എടുത്തു നൽകുന്നതിന് ജില്ലാ കോർഡിനേറ്റർ നൽകിയ കത്തിന്റെ പകർപ്പാണ് ചെലവ് രേഖയായി ലഭ്യമാക്കിയിരിക്കുന്നത്. സാക്ഷരതാ മിഷനിൽ നൽകിയ ഡി.ഡിയുടെ കോപ്പി കൈപ്പറ്റ് രസീത് എന്നിവ ലഭ്യമല്ല. യഥാർത്ഥത്തിൽ ചെലവാകാത്ത തുകയാണ് (ഡി.ഡി എടുത്തിട്ടില്ല) തുക പിൻവലിച്ചിരിക്കുന്നത് എന്നതിനാൽ 2500/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 29ന് നൽകിയ മറുപടിയിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭിച്ച ശേഷം പുസ്തകവിലയായ 2500/- രൂപ സാക്ഷരതാമിഷൻ ഡയറക്ടർക്ക് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-7 സ്കൂൾ വിദ്യാർത്ഥികളുടെ കലാകായിക അഭിരുചി മെച്ചപ്പെടുത്തൽ - തുക 6,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. :SO140/16

പേര് :സ്കൂൾ വിദ്യാർത്ഥികളുടെ കലാകായിക അഭിരുചി മെച്ചപ്പെടുത്തൽ

പ്രിൻസിപ്പൽ, ഗവ.ഹയർ സെക്കണ്ടറി സ്കൂൾ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ താഴെപ്പറഞ്ഞിരിക്കുന്ന ബില്ലുകൾ പ്രകാരം ചെലവഴിച്ച 6 ലക്ഷം രൂപയുടെ ചെലവ് താഴെപ്പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

ബിൽ നം.4/15-16/19.8.15 : 35000/-
9/15-16/30.9.15 : 10000/-
19/15-16/30.12.15 :75000/-
42/15-16/28.3.16; 50000/-
44/15-16/29.3.16 ; 50000/-
46/ 15-16/ 1.2.16 ; 50000/-
21/15-16/ 1.2.16 ; 80000/-
29/15-16/11.3.16 ; 90000/-
32/15-16/16.3.16 ; 50000/-
36/15-16/21.3.16 ; 30000/-
8/15-16/29.9.15 ; 80000/-
-----------------------------------------

600000 (ധനകാര്യകമ്മീഷൻ അവാർഡ്)

സ്കൂൾ വിദ്യാർത്ഥികളുടെ കലാകായിക അഭിരുചി മെച്ചപ്പെടുത്തുന്നതിനു വേണ്ടി നടപ്പിലാക്കിയ പ്രസ്തുത പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) കേരള സ്റ്റോർ പർച്ചേയ്സ് മാന്വൽ 2013 ഖ7.7 പ്രകാരം ഒരു ലക്ഷം രൂപയും അതിനു മുകളിലും ഉള്ള തുകയ്ക്ക് സാധനങ്ങൾ വാങ്ങുമ്പോൾ ടെണ്ടർ ക്ഷണിക്കേണ്ടതാണ്. എന്നാൽ ഏകദേശം നാലു ലക്ഷം രൂപയ്ക്ക് പുറത്ത് സ്പോർട്സ് ഉപകരണങ്ങള്, കൃഷ്ണ എഞ്ചിനീയറിംഗ് വർക്സിൽ നിന്നും രണ്ട് തവണയായി പത്ത് അലമാരകൾ, ബി.പി. അപ്പാരറ്റസ്, മിൽട്ടൻ തെർമോ സ്റ്റെല്ലാർ വാട്ടർ ജഗ് തുടങ്ങിയ സാധനങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും ഇവയുടെ വാങ്ങലുകളിലൊന്നും തന്നെ മേൽ ചട്ടം പാലിച്ചതായി കാണുന്നില്ല. വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് വിതരണ രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനം തുക കൈപ്പറ്റിയതിൻറ വിശദാംശം ലഭ്യമല്ല. ഭൗതിക പരിശോധനയിലും വാങ്ങിയതായി പറയുന്ന സാധനങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
ബി) സാധനങ്ങൾ വാങ്ങിയതിന്റെ യഥാർത്ഥ കാഷ്ബിൽ, സ്ഥാപനം തുക കൈപ്പറ്റിയതിൻെറ വിശദാംശം തുടങ്ങിയ ലഭ്യമാക്കിയിട്ടില്ല.

മേൽ സാഹചര്യത്തിൽ ചെലവ് ചെയ്തതായി പറയുന്ന തുകയുടെ ആധികാരികത പരിശോധിക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 26 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ പദ്ധതിയ്ക്കായി പിൻവലിച്ച ആറു ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. വ്യക്തമായ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നില്ലെങ്കിൽ മേൽ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി പരിഗണിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-8 രേഖകൾ ഹാജരാക്കിയിട്ടില്ല- 448513/- രൂപ തടസ്സപ്പെടുത്തുന്നു.

2015-16 സാമ്പത്തിക വർഷത്തിൽ ഹെൽത്ത് സൂപ്പർവൈസർ നടപ്പാക്കിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 448513/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1.താഴെ പറയും പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

| ക്രമ നമ്പർ | ബിൽ നമ്പർ | തീയതി | ബിൽ തുക |
|---|---|---|---|
| SO194/15-16<br>പാലിയേറ്റീവ് കെയർ പദ്ധതി | PFG 20/15-16 | 13.8.15 | 26808/- |
| SO194/15-16<br>പാലിയേറ്റീവ് കെയർ പദ്ധതി | PFG 25/15-16 | 26.08.15 | 26955/- |
| SO194/15-16<br>പാലിയേറ്റീവ് കെയർ പദ്ധതി | PFG 43/15-16 | 30.10.15 | 51950/- |
| SO039/15-16<br>ശുചീകരണ ഉപകരണങ്ങൾ വാങ്ങൽ | PFG 30/15-16 | 25.9.15 | 65950 |
| SO039/15-16 ശുചീകരണ ഉപകരണങ്ങൾ വാങ്ങൽ | PFG 37/15-16 | 30.10.15 | 30000/- |
| SOO23/15-16<br>കൊതുക് നിവാരണം | PFG 40/15-16 | 30.10.15 | 198450/- |
| SO040/16<br>നെടുമങ്ങാട് ൌൺ മാർക്കറ്റ് ശുചീകരണം | PFG 24/15-16 | 26.8.16 | 27600/- |
| SO040/16<br>നെടുമങ്ങാട് ൌൺ മാർക്കറ്റ് ശുചീകരണം | PFG 46/15-16 | 25.11.16 | 20800/- |
| ആകെ | | | 448513/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 32 ന് മറുപടിയായി അനുബന്ധരേഖകൾ അക്കൗണ്ട്സ് സെക്ഷനിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ അനുബന്ധരേഖകൾ, ചെലവുരേഖകൾ എന്നിവയുടെ അഭാവത്തിൽ 448513/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ഗവ. ഹയർസെക്കണ്ടറി സ്കൂളിലെ ലാബ് സൗകര്യം മെച്ചപ്പെടുത്തൽ– അപാകതകൾ

പ്രോജക്റ്റ് നം. : SO 136/16

പേര് : നഗരസഭയിലെ ഗവ. ഹയർസെക്കണ്ടറിസ്കൂളുകളിൽ ലാബ് സൗകര്യം മെച്ചപ്പെടുത്തൽ

നിർവ്വഹണഉദ്യോഗസ്ഥൻ : പ്രിൻസിപ്പൽ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ

ബിൽ നം. 12/15-16/21.10.15 : 75000/-

27/15-16/27.2.16 :40000/-

31/15-16/16.3.16 :45000/-

34/15-16/21.3.16 :60000/-

40/15-16/23.3.16 :35000/-

17/15-16/11.12.15 :95000/-

6/15-16/17.9.15 :50000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം)

നെടുമങ്ങാട് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെയും പൂവത്തൂർ ഹയർ സെക്കണ്ടറി സ്കൂളിലെയും ലാബുകളിൽ സാധന സാമഗ്രികൾ വാങ്ങുന്നതിലേക്കും മൾട്ടി മീഡിയ കമ്പ്യൂട്ടർ ലാബുകളിൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും വിഭാവനം ചെയ്ത പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) സ്റ്റോർ പർച്ചേയ്സ് മാന്വൽ പ്രകാരമുള്ള ടെണ്ടർ, ക്വട്ടേഷൻ എന്നിവ കൂടാതെയാണ് ലാബ് ഉപകരണങ്ങൾ, സ്റ്റീൽ അലമാര, ഇലക്ട്രോണിക് ഉപകരണങ്ങൾ, എന്നിവ വാങ്ങിയിരിക്കുന്നത്.

ബി) സാധനങ്ങൾ വാങ്ങിയതിൻെറ തെളിവിനായി റീട്ടെയിൽ ഇൻവോയിസ് മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്. കാഷ് ബിൽ, തുക കൈപ്പറ്റിയതിൻെറ വിശദാംശം എന്നിവ ലഭ്യമാക്കിയിട്ടില്ല.

സി) ഭൗതിക പരിശോധനയിൽ വാങ്ങിയ എല്ലാ സാധനങ്ങളുടേയും കൃത്യത ഓഡിറ്റിനെ ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 31ന് മറുപടിയിൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിരിക്കിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി പിൻവലിച്ച 4,00,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-10 പാലിയേറ്റീവ് കെയർ പദ്ധതി - മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല- 251893/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ : SO194/16

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെൽത്ത് സൂപ്പർവൈസർ
പദ്ധതി അടങ്കൽ : 1000000
പദ്ധതി ചെലവ് : 887053

പദ്ധതിയിൽ മരുന്ന് വാങ്ങലിനായി 551900/- ( ബിൽ നമ്പർ PFG 76/15-16/27.1.16- 300007/-, ബിൽ നമ്പർ PFG 108/15-16/ 17.03.2016 251893/-) രൂപ ചെലവഴിച്ചിട്ടുള്ളത്. ഇതിൽ ബിൽ നമ്പർ PFG 108/15-16 പ്രകാരം

17.03.2016 പ്രകാരം 251893/- രൂപ പിൻവലിച്ച് മരുന്ന് വാങ്ങുന്നതിനായി ഇൻ ഹൗസ് ഡ്രഗ്ഗ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ടി തുകക്കുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 32 ന് ലഭിച്ച മറുപടി പ്രകാരം മരുന്ന് ലഭ്യമായിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ മരുന്നിന്റെ ഒറിജിനൽ ബിൽ ഓഡിറ്റിന് ഹാജരാക്കി യിട്ടില്ലാത്തതിനാൽ 2,51,893/- രൂപ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കിയതിന്റെ ഒറിജിനൽ ബില്ലും മരുന്ന് സ്റ്റോക്കിൽ ചേർത്തതിന്റെയും വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കാവുന്നതാണ് .

## 3-11 പ്രീപ്രൈമറി ശിശുസൗഹൃദ പഠനപ്രവർത്തനങ്ങൾ- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. : SO302/16<br>പേര് : ശിശു സൗഹൃദ പഠന പ്രവർത്തനങ്ങൾ (സ്പിൽ ഓവർ) | ബിൽ നം.16/15-16/27.11.15 :50000/-<br>22/15-16/1.2.2016 : 25000/-<br>(വികസനഫണ്ട്) |
| പ്രോജക്ട് നം. :SO134/16<br>പേര് : പ്രീപ്രൈമറി ശിശുസൗഹൃദ പഠനപ്രവർത്തനങ്ങൾ | ബിൽനം.45/15-16/29.3.16 : 50000/-<br>25/15-16/30.1.16 :20000/-<br>33/15-16/17.3.16 :55000/-<br>37/15-16/21.3.16 :25000/-<br>(വികസനഫണ്ട്) |

നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രിൻസിപ്പൽ, ഗവ.ഹയർ സെക്കണ്ടറി സ്കൂൾ

സർക്കാർ സ്കൂളുകളിൽ കളിസ്ഥലം, അറ്റകുറ്റപ്പണി, ഫർണിച്ചർ വാങ്ങൽ എന്നിവയ്ക്കായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതികളുടെ ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) രണ്ട് പദ്ധതികളിലും കളിപ്പാട്ടങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, പാത്രങ്ങൾ, കസേരകൾ എന്നിവ വാങ്ങിയിട്ടുണ്ടെങ്കിലും സ്റ്റോർ പർച്ചെയ്സ് മാന്വൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ എന്നിവ ക്ഷണിച്ചിട്ടില്ല.

ബി) വാങ്ങിയതായി പറഞ്ഞിരിക്കുന്ന സാധനങ്ങളുടെ സ്റ്റോക്ക് വിതരണ രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല.

സി) റീട്ടെയിൽ ഇൻവോയിസ് മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്. കാഷ്ബിൽ, സ്ഥാപനങ്ങൾ തുക കൈപ്പറ്റിയതിൻെറ വിശദാംശം എന്നിവ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27,28 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭൗതികപരിശോധന നടത്തിയ വേളയിലും വാങ്ങിയ സാധനങ്ങളുടെ കൃത്യത ഓഡിറ്റിനെ ബോധ്യപ്പെടുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല. മേൽ സാഹചര്യത്തിൽ രണ്ടു പദ്ധതികളുമായി ചെലവഴിച്ച 2,25,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-12 നെടുമങ്ങാട് ടൗൺ മാർക്കറ്റ് ശുചീകരണം - 57000/- രൂപ തടസ്സപ്പെടുത്തുന്നു

ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നമ്പർ SO040/16 നമ്പർ പദ്ധതി പ്രകാരം ടൗൺ മാർക്കറ്റ് ശുചീകരണം നടത്തുന്നതിനായി ജെ.സി.ബി വാടക, ബാറ്റ, ടിപ്പർ വാടക എന്നീ ഇനങ്ങളിലായി 130120/- രൂപ ചെലവഴിച്ചിട്ടുണ്ട്. ക്വട്ടേഷൻ ക്ഷണിച്ചാണ് പദ്ധതി നടത്തിപ്പിനായി വാഹന ഉടമയെ തെരഞ്ഞെടുത്തത്. ഇതുമായി ബന്ധപ്പെട്ട് 48400/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ( ഖണ്ഡിക 3–1 ൽ

ചേർത്തിട്ടുണ്ട്). ബിൽ നമ്പർ PFG/151/15-16 30.03.16 പ്രകാരം പിൻവലിച്ച 57000/- രൂപ ടിപ്പറിന്റെ വാടകയിനത്തിലാണ് ചെലവാക്കിയത്. പ്രതിദിനം 5700/- രൂപ നിരക്കിൽ 3.8.15, 5.08.16മുതൽ 7.8.15 വരെ,7.10.15 മുതൽ 9.10.15 വരെ ,24.10.15, 28.10.15, 15.11.15 എന്നീ ദിവസങ്ങളിലാണ് വാടക നൽകിയത്.

അനുബന്ധ രേഖകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 32ന് മറുപടിയായി അനുബന്ധരേഖകൾ അക്കൗണ്ട്സ് സെക്ഷനിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ അനുബന്ധരേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 57000/- രൂപ തടസ്സപ്പെടുത്തുന്നു. അനുബന്ധരേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സവാദം ഒഴിവാക്കുന്നതാണ്.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL 21 F8448(Tipper) , KL 16 A 1835(tractor) എന്നീ വാഹനങ്ങളുടെ ലോഗ്ബുക്ക് പരിശോധിച്ചത് പ്രകാരം ടി വാഹനങ്ങൾ മാലിന്യനീക്കത്തിന് ഉപയോഗിച്ചിട്ടുണ്ട്. KL 21 F 8448 (Tipper) വാഹനം ഉപയോഗിച്ച് മാർക്കറ്റിൽ നിന്നും മാലിന്യം നീക്കം ചെയ്തതായും കാണുന്നു. മാലിന്യനീക്കത്തിന് നഗരസഭക്ക് സംവിധാനം ഉണ്ടായിരിക്കെ ഇത്തരത്തിൽ പ്രോജക്ട് തയ്യാറാക്കിയതിന്റെ കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 33 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## **3-13** തുടർ വിദ്യാഭ്യാസം- തുല്യതാ പഠനം പത്താം തരം- മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

പ്രോജക്ട് നം. : SO 141/16

പേര് : തുടർ വിദ്യാഭ്യാസം തുല്യതാ പഠനം പത്താം തരം

ബിൽ നം : 47/15-16/29.3.16 : 20800/-

: 30/15-16/11.3.16 : 19200/- (ധനകാര്യ കമ്മീഷൻ അവാർഡ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രിൻസിപ്പൽ, ഗവ.ഹയർ സെക്കണ്ടറി സ്കൂൾ

പ്രസ്തുത പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയും പ്രകാരം അപാകതകൾ കാണുന്നു.

1. 12-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം വിവിധ ക്ളാസ്സുകളിലെ പരീക്ഷ എഴുതുന്നവർക്ക് കേരള സംസ്ഥാന സാക്ഷരതാ മിഷൻ നൽകുന്ന പാഠപുസ്തകങ്ങളുടെ വിലയും ഇവർ കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ അടയ്ക്കേണ്ട ഫീസും നൽകാൻ മാത്രമേ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതിയുള്ളു. എന്നാൽ ബിൽ നം. 47/15-16/29.3.16 പ്രകാരം പിൻവലിച്ച 20800/-രൂപയ്ക്ക് മേൽ മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി വിവിധ പബ്ലിക്കേഷനുകളിൽ നിന്ന് പുസ്തകം വാങ്ങിയതായി കാണുന്നു. കൂടാതെ ഇവ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളും ലഭ്യമല്ല.
2. കേരള സ്റ്റോർ പേർചേർച്ച മാന്വൽ 2013 ഖണ്ഡിക 7.4 പ്രകാരം 1500 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. എന്നാൽ പുസ്തകം വാങ്ങിയതിൽ മേൽ ചട്ടം പാലിച്ചിട്ടില്ല.
3. പുസ്തകങ്ങൾ വാങ്ങിയതിന്റെ റീട്ടെയിൽ ഇൻവോയിസ് മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്. കാഷ്ബിൽ, സ്ഥാപനങ്ങൾ തുക കൈപ്പറ്റിയതിൻെറ വിശദാംശങ്ങൾ എന്നിവ ലഭ്യമല്ല.

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിൻ കീഴിൽ പ്രവർത്തിക്കുന്ന തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന് പുസ്തകങ്ങൾക്ക് വാങ്ങി നൽകുന്നതിന് പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുമതിയില്ലാതിരിക്കെ പുസ്തകങ്ങൾ വാങ്ങി നൽകിയതിനാൽ 20800/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. തുടർ വിദ്യഭ്യാസ കേന്ദ്രങ്ങളിലെ പഠിതാക്കളുടെ ഫീസും അതുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളിലെ സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനും പുസ്തകങ്ങൾ വാങ്ങുന്നതിനും പഠന സെന്ററുകളിലെ സൗകര്യം മെച്ചപ്പെടുത്തുന്നതിനുമാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്.

## **3-14** സർക്കാർ നിർദ്ദേശം പാലിച്ചില്ല- പലിശയിനത്തിൽ സർക്കാരിന് വൻ നഷ്ടം

നെടുമങ്ങാട് നഗരസഭ ഇ.എം.എസ് ഭവനപദ്ധതി നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം ജില്ലാ സഹകരണബാങ്കിന്റെ നെടുമങ്ങാട് ശാഖയിൽ നിന്നും 3,77,00,000/-രൂപ വായ്പയും വികസനഫണ്ടിൽ നിന്നും 2009-10മുതൽ 2012-13വരെ 3,35,00,000/- രൂപയും ഇ.എം.എസ് ഭവന പദ്ധതിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇ.എം.എസ്. ഭവനപദ്ധതി 31.3.2013ൽ നിർത്തലാക്കുമെന്നറിഞ്ഞിട്ടും 15.2.2013ൽ വികസനഫണ്ടിൽ നിന്നും അൻപത് ലക്ഷം രൂപ പിൻവലിച്ച് ഇ.എം.എസ് അക്കൗണ്ടിൽ നിക്ഷേപിക്കുകയുണ്ടായി. 31.3.2016ൽ 6063937 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. സർക്കാർ ഉത്തരവ് സാധാ. നം. 2957/14/Lsgd തീ.12.11.2014 പ്രകാരം ഇ.എം.എസ് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഇ.എം.എസ് ലോൺ അക്കൗണ്ടിൽ തിരിച്ചടച്ച് സർക്കാരിൻെറ പലിശ ബാധ്യത കുറയ്ക്കണമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ വായ്പ എടുത്ത തുക പത്ത് ഗഡുക്കളായി അടച്ച തീർക്കേണ്ടതാണ്. എന്നാൽ 31.3.16 വരെ 13145000/-രൂപയാണ് തിരിച്ചടവ് വരുത്തിയിരിക്കുന്നത്. ഇ.എം.എസ് ലോൺ അക്കൗണ്ടിൽ 24555000/-ഇനിയും അടയ്ക്കാൻ ബാക്കിയാണ്. 31.03.2016 ന് ഇ.എം.എസ് ഭവന പദ്ധതി അക്കൗണ്ടിലെ ബാക്കി തുക ലോൺ അക്കൗണ്ടിൽ ഒടുക്കിയിരുന്നെങ്കിൽ പലിശയിനത്തിൽ സർക്കാരിൻെറ ബാധ്യത കുറയുമായിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം

21ന് നൽകിയ മറുപടിയിൽ2016-17ൽ 5646715/- രൂപ ലോൺ ഇനത്തിൽ തിരിച്ചടച്ചതായി അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള 500000/- രൂപ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നത് പ്രവൃത്തി പൂർത്തീകരിക്കാനാണെന്ന് അറിയിച്ചിട്ടുണ്ട്. 2009-10ൽ ഒന്നാം ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾക്കും 2016-17ൽ പ്രോജക്ട് വയ്ക്കാതെ മൂന്നാം ഗഡു നൽകി. സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മേൽപ്പറഞ്ഞ വിധത്തിൽ നൽകിയിട്ടുള്ള തുകകൾ അടിയന്തിരമായി തിരിച്ചടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **3-15** <u>പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-ഡി.ഡി തുകയുടെ വിവരങ്ങൾ ലഭ്യമല്ല</u>

പെതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ശേഷം കൺവീനർക്ക്/ കരാറുകാരന് നൽകുന്ന ഡി.ഡി യുടെ നമ്പർ, തീയതി എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമല്ല. കരാറുകാരന്/കൺവീനർക്ക് അനുവദിക്കുന്ന തുകയുടെ വിവരങ്ങൾ മാത്രമാണ് അതാത് എം.ബുക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അവർക്ക് നൽകുന്ന ഡി.ഡിയുടെ കോപ്പി ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല. മാത്രമല്ല,ഡി.ഡി ഇഷ്യൂ രജിസ്റ്റർ ,കൈപറ്റ് രസീത് എന്നിവയും തയ്യാറാക്കി ബന്ധപ്പെട്ട സെക്ഷനിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ കൺവീനർക്ക്/കരാറുകാരന് നൽകിയ തുകയെ സംബന്ധിക്കുന്ന ആധികാരികത പരിശോധിക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

നിർമ്മാണതൊഴിലാളിക്ഷേമനിധി വിഹിതം ഒടുക്കു വരുത്തുന്നതിലും അപാകത നിലനിൽക്കുന്നു. ഓരോ മരാമത്ത് പ്രവൃത്തിയിൽ നിന്നും കുറവ് വരുത്തുന്ന തുകയുടെ ഡി.ഡിയുടെ കോപ്പി അതാത് വർക്ക് ഫയലിനൊപ്പം ഉൾകൊള്ളിച്ചിട്ടില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നമ്പർ 4/19.12.2016 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം 2015-16 ൽ ആകെ 1887166/- രൂപ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. എന്നാൽ ഓരോ പദ്ധതിയിൽ നിന്നും ഒടുക്കു വരുത്തിയ വിവരങ്ങൾ (വ്യക്തിഗതം) ലഭ്യമല്ല. മേൽ സൂചിപ്പിച്ച അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. കൺവീനർക്ക് /കരാറുകാരന് നിർമ്മാണതൊഴിലാളിക്ഷേമനിധി ബോർഡിന് ഡി.ഡി നൽകുന്ന വേളയിൽ പ്രസ്തുത ഡി.ഡിയുടെ കോപ്പി ഫയലിൽ സൂക്ഷിക്കുകയോ രജിസ്റ്ററിൽ ഡി.ഡി.നമ്പർ, തീയതി, തുക, പദ്ധതികളുടെ പേര് എന്നിവ ഉൾപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്യേണ്ടതാണ്.

## **3-16** <u>ഭവനനിർമ്മാണ ധനസഹായം- മാർഗ്ഗരേഖ പാലിച്ചില്ല</u>

പ്രോജക്ട് നം. : Soo19/16

പേര് : ഭവന നിർമ്മാണ ധനസഹായം

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ധനസഹായം നൽകുന്നതിനായി പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടിൽ താഴെപ്പറയും പ്രകാരം അപാകതകൾ കാണുന്നു.

ജി.ഒ (എം.എസ്) 362/2013 Lsgd date 16.11.2013 പ്രകാരം 30 ച.മീറ്ററിൽ കുറയാത്തതും 66 ച.മീറ്ററിൽ കൂടാത്തതുമായ തറവിസ്തീർണ്ണത്തിൽ നിർമ്മിക്കുന്ന വീടുകൾക്കേ സബ്സിഡിയ്ക്ക് അർഹതയുള്ളൂ. എന്നാൽ വിനിത.വി.എസ്, വി.എസ് ഭവൻ കരിങ്ങയിൽ കോളനി, പരുത്തിക്കുഴി പി.ഒ എന്ന ഗുണഭോക്താവ് occupation certificate പ്രകാരം 70.04 ച.മീറ്റർ വിസ്തീർണ്ണമുള്ള വീടാണ് നിർമ്മിച്ചിരിക്കുന്നത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7 ന് ലഭ്യമാക്കിയ മറുപടിയിൽ ടിയാൻ നല്ല രീതിയിൽ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതിനാൽ പ്രസ്തുത അപാകതയുണ്ടായിട്ടും തുക അനുവദിയ്ക്കുകയാണ് ഉണ്ടായതെന്ന്

മറുപടി നൽകിയിട്ടുണ്ട്.

പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായാണ് നടപ്പിലാക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 3-17 ചെലവ് രേഖകൾ ലഭ്യമല്ല

തനതു ചെലവ് വൗച്ചറുകൾക്കൊപ്പം ചെലവ് രേഖകൾ സൂക്ഷിച്ചിട്ടില്ല. ചുവടെ ചേർക്കുന്ന ചെലവുകളുടെ ഫയലുകൾ/ചെലവിനെ സാധൂകരിക്കുന്ന ബിൽ, കൈപ്പറ്റ് രസീത് വിനിയോഗ സാക്ഷ്യപത്രം തുടങ്ങിയവ ഹാജരാക്കിയില്ല. (ഓഡിറ്റ് എൻക്വയറി 35 പ്രകാരം ടി രേഖകൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരിക്കുന്നു).

| ക്രമ നമ്പർ | വൗച്ചർ നമ്പർ | ചെക്ക് നമ്പർ, തീയതി | ചെലവ് തുക | ചെലവ് വിവരം |
|---|---|---|---|---|
| 1 | 192/01.07.2015 | 1040/01.07.2015 | 10000/- | നഗരസഭ ഓഫീസിന് പുതുതായി നിർമ്മിച്ച Front Office-ന് ഉദ്ഘാടന ചെലവുമായി ബന്ധപ്പെട്ട മുൻകൂർ അനുവദിച്ച തുക. |
| | തുക ചെലവഴിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതാണ്. | | | |
| 2 | 224/10.07.2015 | 1055/10.07.2015 | 10000/- | നഗരസഭയുടെ അധീനതയിൽ പ്രവർത്തിക്കുന്ന മെഡിക്കൽ സബ് സെന്ററിന് മരുന്ന് വാങ്ങിയത് |
| | മരുന്ന് വാങ്ങിയതിന്റെ ബിൽ സ്റ്റോക്കിൽ എടുത്തത്, വിതരണം ചെയ്ത വിവരങ്ങൾ രേഖകൾ ഹാജരാക്കേണ്ടതാണ്. | | | |
| 3 | 245/31.07.2015 | 1075/31.07.2015 | 2,00,000/- | മഴക്കാല പൂർവ്വ ശുചീകരണത്തിന് 30/06/2015-ലെ DSM/IEC /470/2014 നമ്പർ ഉത്തരവു പ്രകാരം അനുവദിച്ച തുകയിൽ നിന്ന് 20 വാർഡുകൾക്ക് 10000/- രൂപ വീതം അനുവദിച്ച തുക. |

| | | | | |
|---|---|---|---|---|
| | | | | |
| | ചെലവ് രേഖകൾ/ഫയൽ ലഭ്യമാക്കുന്നതിന് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും നൽകിയിട്ടില്ല. ഫയൽ/രേഖകൾ ഹാജരാക്കേണ്ടതാണ്. | | | |
| 4 | 246/31.07.2015 | 1076/31.07.2015 | 190000/- | മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾക്കായി 19 വാർഡുകൾക്കായി 190000/-രൂപ അനുവദിച്ച തുക (10000/- രൂപ വീതം) |
| | ഫയൽ/ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ് | | | |
| 5 | 241/27.07.2015 | 1071/27.07.2015 | Rs.84891/- | ജനന മരണ വിവാഹ രജിസ്ട്രേഷൻ 1970 മുതലുള്ള മുൻകാല രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം ഡാറ്റാ എൻട്രി നടത്തിയതിന്റെ തുക |
| | ഫയൽ/വിശദാംശങ്ങൾ/കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതാണ്. | | | |
| 6 | 195/02.07.2015 | 1042/02.07.2015 | Rs.10000/- | നെടുമങ്ങാട് BUPS കോമ്പൗണ്ടിലെ അപകടാവസ്ഥയിലായ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് മുൻകൂറായി (ശ്രീ. റഹീംഖാൻ JHII നെടുമങ്ങാട് നഗരസഭ) അനുവദിച്ച തുക |

| | | | | |
|---|---|---|---|---|
| | ഫയൽ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല. ഫയൽ/രേഖകൾ ഹാജരാക്കേണ്ടതാണ് | | | |
| 7 | 609/01.12.2015 | 1680/01.12.2015 | 23381/- | നഗരസഭ വക വാഹനം സർവ്വീസ് ചെയ്യുന്നതിലേക്കായി അഡ്വാൻസായി അനുവദിച്ച തുക (ഗോപകുമാർ വി.ജി. ഡ്രൈവർ) |
| | ചെലവ് സംബന്ധമായ രേഖകൾ ഹാജരാക്കേണ്ടതാണ്. | | | |
| 8 | 615/02.12.2015 | 324465/02.12.2015 | 45000/- | നഗരസഭ ഓഫീസ് അറ്റകുറ്റപ്പണിക്കുള്ള തുക (Advancee) ശ്രീ. ബിബിൻ റോയ് PWD II |
| | ഫയൽ/ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ് | | | |
| 9 | 641/03.12.2015 | 1682/03.12.2015 | 8932/-രൂപ | നഗരസഭയുടെ അധീനതയിലുള്ള ആയുർവേദ ഡിസ്പെൻസറിയിലെ താൽകാലിക വിഭാഗം ഫാർമസിസ്റ്റിന്റെ 2015 നവംബർ മാസത്തെ വേതനം |
| | ഹാജർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് | | | |
| 10 | 645/03.12.2015 | 1685/03.12.2015 | 10000/- രൂപ | നഗരസഭ വക കൃഷി ഭവൻ പരിസരം കാട് പിടിച്ച് കിടക്കുന്നത് JCB ഉപയോഗിച്ച് വൃത്തിയാക്കുന്നതിന് ഹെൽത്ത് സൂപ്പർവൈസർ ശ്രീ. അജയകുമാറിന്റെ പേരിൽ 15000/-രൂപ അനുവദിച്ചതിന്റെ ഫയൽ/ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്. |

| | | | | |
|---|---|---|---|---|
| | | | | |
| 11 | 673/18.12.2015 | 48543/18.12.2015 | 216000/- രൂപ | ഉറവിട മാലിന്യ സംസ്കരണം ബയോഗ്യാസ് പദ്ധതി പ്രകാരം പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തുക അനുവദിക്കുന്നത് സംബന്ധിച്ച് (Managing Director, Green Tech Thiruvananthapuram) |
| | ഫയൽ/ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്. | | | |
| 12 | 595/27.11.2015 | 1676/27.11.2015 | 35000/- | കേരളോത്സവം ചെലവ്- നിർവ്വഹിക്കുന്നതിനായി (അഡ്വാൻസായി) നൽകിയ തുക) |
| | കേരളോത്സവത്തിന്റെ ഫയൽ ഹാജരാക്കേണ്ടതാണ് | | | |
| 13 | 848/12.02.2016 | 1255/12.02.2016 | 10000/- | നഗരസഭ വക അറവുശാലയിലെ അറ്റകുറ്റപ്പണികൾക്കും മാർക്കറ്റ് ബിൽഡിംഗിനും ഭീഷണിയായി നൽക്കുന്ന ആൽമരം മുറിയ്ക്കുന്നതിന് മുൻകൂർ നൽകിയ തുക (ശ്രീമതി. ഡി. നിഷ JHII) |
| | അഡ്വാൻസ് ഉപയോഗിച്ച് നടത്തിയ പ്രവൃത്തിയുടെ വിശദാംശങ്ങൾ അടങ്ങിയ ഫയൽ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. | | | |

| | | | | |
|---|---|---|---|---|
| 14 | 856/16.02.2016 | 1259 | 8000/- | ജനകീയ ശില്പശാലയുടെ ചെലവുകൾക്കായി മുൻകൂർ തുക |
| | ശില്പശാലയുടെ ചെലവുകൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകേണ്ടതാണ്. | | | |
| 15 | 857/16.02.2016 | 1260/16.02.2016 | 15000/- | പഴയ ഫയലുകൾ ക്രമമായി അടുക്കി വയ്ക്കുന്ന പ്രവൃത്തിക്ക് അഡ്വാൻസ് അനുവദിക്കുന്നത് (ശ്രീ. വിപിൻ റോയ് PWD II) |
| | ചെയ്ത പ്രവൃത്തിയുടെ ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ് | | | |
| 16 | 860/20.02.2016 | 1263/20.02.2016 | 14880/- രൂപ | പത്രപരസ്യം-നൽകിയ തുക<br>ടൗൺ ഹാൾ ഷോപ്പിംഗ് കോംപ്ലക്സ് പുനർ ലേലം-മാർക്കറ്റിംഗ് മാനേജർ-മാതൃഭൂമി ദിനപത്രം തിരുവനന്തപുരം) |
| | 15% ഡിസ്കൗണ്ട് പത്രപരസ്യത്തിന് ലഭിച്ചിട്ടില്ല | | | |
| 17 | 39/24.04.2015 | 39/24.04.2015 | 49400/- | നഗരസഭ നടപ്പാക്കി വരുന്ന ശുചിത്വ ഭവനം സുന്ദര നഗരം പദ്ധതിയുമായി ബന്ധപ്പെട്ട് നഗരത്തിലെ മാലിന്യം നീക്കം ചെയ്ത ഇനത്തിൽ നൽകേണ്ട തുക |
| | ടി പ്രവൃത്തിക്ക് അനുമതി നൽകിയ ഫയൽ/ടി വർക്ക് കോൺട്രാക്ട് കൊടുത്തത് സംബന്ധിച്ച വിശദാംശങ്ങൾ/ടി പ്രവൃത്തി നിർവ്വഹിച്ചത് പരിശോധിച്ചത്/മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്. | | | |

| | | | | |
|---|---|---|---|---|
| | | | | |
| 18 | 38/24.04.2015 | 976/24.04.2015 | 4800 | പത്രപരസ്യം നൽകിയ വകയിൽ ദേശാഭിമാനി ദിനപത്രത്തിന് അനുവദിക്കേണ്ട തുക |
| | 15% ഡിസ്കൗണ്ട് ലഭിച്ചിട്ടുണ്ടോ? | | | |
| 19 | 257/01.08.2015 | 1079/01.08.2015 | 10800/- | അപ്രന്റീസ് ട്രയിനിമാരുടെ 2015 ജൂലൈ മാസത്തെ സ്റ്റൈപ്പന്റ് |
| | സ്റ്റൈപ്പന്റ് സ്വീകരിച്ചതിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതാണ് | | | |
| 20 | 289/12.08.2015 | 1098/12.08.2015 | 4750 | അഡ്വക്കേറ്റ് ഫീ-അഡ്വക്കേറ്റ് ഗോപാലകൃഷ്ണ പിള്ളക്ക് നൽകിയത് |
| | കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതാണ് | | | |
| 21 | 290/12.08.2015 | 1099/12.08.2015 | 10000/- | ലീഗൽ ചെർജ്ജ് അഡ്വക്കേറ്റ് ചെറുന്നിയൂർ ശശിധരൻ |
| | കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതാണ് | | | |
| 22 | 291/12.08.2015 | 1100/12.08.2015 | 15000/- | നഗരസഭയിലെ കല്ലാംപാറ ബലിക്കടവിന്റെ പ്രാരംഭ ശുചീകരണ പ്രവർത്തനങ്ങൾക്കായി മുൻകൂർ അനുവദിച്ച തുക (ശ്രീമതി. നിഷ JH II) |
| | ഫയൽ ലഭ്യമാക്കേണ്ടതാണ് | | | |
| 23 | 293/12.08.2015 | 1102/12.08.2015 | 11000/- | നഗരസഭയുടെ മാലിന്യസംസ്കരണ |

| | | | | |
|---|---|---|---|---|
| | | | | സംവിധാനങ്ങളുടെ പരിപാലനത്തിന് ക്വട്ടേഷൻ പരസ്യപ്പെടുത്തിയ ഇനത്തിൽ നൽകേണ്ട പരസ്യ ചാർജ്ജ്. |
| | പരസ്യം പ്രസിദ്ധീകരിച്ച ദിനപത്രം (കേരള കൗമുദി) ഡിസ്കൗണ്ട് 15% ലഭ്യമാക്കിയിട്ടില്ല | | | |
| 24 | 305/13.08.2015 | 1111/13.08.2015 | 390000/- | 2015-ലെ മഴക്കാല പൂർവ്വ ശുചത്വ കാമ്പയിൻ പ്രവർത്തനങ്ങൾക്ക് ജില്ലാ ശുചിത്വ മിഷൻ അസി. ഡെവലപ്പ്മെന്റ് കമ്മീഷണറുടെ 30.06.2015-ലെ DSM/EC /1470/2014-ാം നമ്പർ ഉത്തരവു പ്രകാരം അനുവദിച്ച തുക |
| | ഫയൽ/ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ് | | | |
| 25 | 307/18.08.2015 | 1112/08.08.2015 | 7600/- | പത്രപരസ്യം നൽകിയ വകയിൽ കേരള കൗമുദിക്ക് നൽകിയത് |
| | പത്രപരസ്യം ഹാജരാക്കേണ്ടതാണ്. 15% ഡിസ്കൗണ്ട് പരസ്യത്തിന് ലഭ്യമാക്കേണ്ടതാണ്. | | | |
| 26 | 308/18.08.2015 | 48541/18.08.2015 | 243000/- | നഗരസഭയുടെ SOO51/15 (Spill Over 304/16 മാലിന്യ സംസ്കരണ പദ്ധതി പ്രകാരം ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച തുക . |

| | | | | |
|---|---|---|---|---|
| | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച വിവരങ്ങൾ അടങ്ങിയ ഫയലുകൾ ഹാജരാക്കേണ്ടതാണ്. | | | |
| 27 | 310/09.08.2015 | 1114/09.08.2015 | 3000/- | കൊടിപ്പുറം വാർഡിൽ IHSDP പ്രകാരം നിർമ്മിച്ചിട്ടുള്ള കുഴൽ കിണറിലെ പ്രവർത്തന രഹിതമായ മോട്ടോർ പുറത്തെടുത്ത് നന്നാക്കുന്നതിന് അഡ്വാൻസായി അനുവദിച്ച തുക. |
| | ഫയൽ/ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ് | | | |
| 28 | 311/04.08.2015 | 1115/09.08.2015 | 10000/- | നഗരസഭയുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന പാലിയേറ്റീവ് കെയർ യൂണിറ്റിലെ രോഗികൾക്ക് ഓണക്കിറ്റ് വിതരണം ചെയ്യുന്നതിന് മുൻകൂറായി അനുവദിച്ച തുക ഫയൽ/ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്. |
| 29 | 312/19.08.2015 | 1116/09.08.2015 | 12256/- | നഗരസഭ കൊപ്പം വാർഡിൽ 2 പൊതു ടാപ്പ് സ്ഥാപിക്കുന്നതിന് നൽകിയ തുക. |
| | കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള കൈപ്പറ്റ് രസീത്/വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് | | | |
| 30 | 930/09.03.2016 | 1294/09.03.2016 | 8624/- | ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റിന്റെ 2016-ലെ ശമ്പളം |
| | കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതാണ് | | | |

| | | | | |
|---|---|---|---|---|
| 31 | 919/14.03.2016 | 1299/14.03.2016 | 504143/- | സെയിൽടാക്സ് കോൺട്രാക്ടേഴ്സിൽ നിന്നും ഈടാക്കിയത് |
| | രസീത് ഹാജരാക്കേണ്ടതാണ് | | | |
| 32 | 953/30.03.2016 | 1318/30.03.2016 | 543371/- | സെയിൽടാക്സ് കോൺട്രാക്ടേഴ്സിൽ നിന്നും ഈടാക്കിയത് |
| | കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതാണ് | | | |
| 33 | 955/30.03.2016 | 1318/30.03.2016 | 555370/- | സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ലൈബ്രറി സൈസ് അടച്ചത് |
| | പ്രൈമറി കൗൺസിലിന്റെ രസീത് ഹാജരാക്കേണ്ടതാണ് | | | |
| 34 | 781/16.01.2016 | 1231/16.01.2016 | 25000/- | നെടുമങ്ങാട് മാർക്കറ്റിന് ഡ്രെയിനേജ് വൃത്തിയാക്കുന്നതിന് അഡ്വാൻസ് അനുവദിക്കുന്നത് |
| | തുക ഉപയോഗിച്ചതു സംബന്ധിച്ച ഫയൽ ലഭ്യമാക്കേണ്ടതാണ് | | | |
| 35 | 795/23.01.2016 | 1229/23.01.2016 | 49387/- | കൊതുക് നിവാരണ പ്രവർത്തനത്തിന്റെ ഭാഗമായ തൊഴിലാളികൾക്ക് ഡിസംബർ മാസത്തെ വേതനം |
| | ഫയൽ ലഭ്യമാക്കേണ്ടതാണ്. തുക കൈപ്പറ്റിയതിന്റെ രസീത് ഹാജരാക്കേണ്ടതാണ് | | | |
| 36 | 796/23.01.2016 | 1229/23.01.2016 | 11,316/- | കൊതുക് നിവാരണ പ്രവർത്തനത്തിന്റെ ഭാഗമായ |

| | | | | |
|---|---|---|---|---|
| | | | | തൊഴിലാളികൾക്ക് ഒക്ടോബർ മാസത്തെ വേതനം |
| | ഫയൽ കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കേണ്ടതാണ് | | | |
| 37 | 806/29.01.2016 | 1234/29.01.2016 | 10,000/- | ശുചീകരണ ആവശ്യത്തിലേക്ക് കുട്ടകൾ വാങ്ങുന്ന വകയിൽ JH II ശ്രീമതി. നിഷയുടെ പേരിൽ അഡ്വാൻസ് അനുവദിച്ചത്. |
| | കുട്ടകൾ വാങ്ങിയതിന്റെ ബിൽ, അനുബന്ധരേഖകൾ ഹാജരാക്കേണ്ടതാണ് | | | |
| 38 | 377/3.09.2015 | 130445/30.09.2015 | 2,35,453/- | ഫുഡ് ഇൻസ്പെക്ടറായിരുന്ന ശ്രീ. അനിൽകുമാറിന്റെ 07/2010 മുതൽ 04/2013 വരെയുള്ള ശമ്പളത്തിന്റെയും മറ്റ് ആനുകൂല്യങ്ങളുടേയും 56% തുകയുടെ രണ്ടാം ഗഡു. |
| | ഫയൽ, ശ്രീ. അനിൽകുമാർ തുക കൈപ്പറ്റിയതിന്റെ രസീത് എന്നിവ ഹാജരാക്കേണ്ടതാണ്. | | | |
| 39 | 397/10.09.2015 | 1143/10.09.2015 | 42848/- | ഡി.എ. അരിയർ കണ്ടിജന്റ് വർക്കേഴ്സ് നെടുമങ്ങാട് മുനിസിപ്പാലിറ്റി 2014-ജൂലൈ മുതൽ ഡിസംബർ വരെ |
| | ഡി.എ. അരിയർ കണക്കാക്കിയതിന്റെ ഫയൽ ലഭ്യമാക്കേണ്ടതാണ് | | | |

| | | | | |
|---|---|---|---|---|
| 40 | 396/10.05.2015 | 1142/10.09.2015 | 17172 | നഗരസഭയിലെ കണ്ടിജന്റ് വിഭാഗം ശുചീകരണ ജീവനക്കാരുടെ 2014 ജൂലൈ മുതൽ ഡിസംബർ വരെയുള്ള ഡി.എ. കുടിശ്ശിക |
| 41 | 402/11.09.2015 | 1147/11.09.2015 | 4070 | പെൻഷനേഴ്സ് അരിയർ ഫെസ്റ്റിവൽ അലവൻസ് |
| | ഫയൽ ലഭ്യമാക്കേണ്ടതാണ് | | | |
| 42 | 18/13.04.2015 | 966 | 14000/- | അഡ്വ. രാമകൃഷ്ണനെ ലീഗൽ ചാർജ്ജ് ഇനത്തിൽ നൽകിയ തുക |
| | കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതാണ് | | | |
| 43 | 71/07.05.2015 | 989 | 5600/- | ദേശാഭിമാനി പത്രത്തിന് പരസ്യം നൽകിയ തുക |
| | 15% ഡിസ്കൗണ്ട് ലഭിച്ചിട്ടുണ്ടോ? | | | |
| 44 | 123/04.06.2015 | 1008 | 19700/- | ശ്രീമതി. അംബിക (ലൈബ്രേറിയൻ) പുസ്തകം വാങ്ങുന്നതിന് അഡ്വാൻസായി നൽകിയ തുക |
| | പുസ്തകം വാങ്ങിയതിന്റെ ബിൽ സ്റ്റോക്കിൽ എടുത്തതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്. | | | |
| 45 | 421/25.09.2015 | 1157 | 7000/- | RIശ്രീ. അശോക് കുമാറിന് ടൗൺ ഹാൾ ലേലവുമായി ബന്ധപ്പെട്ട പ്രവർത്തനത്തിന് മൈക്ക് അനൗൺസ്മെന്റിനും, ഫ്ലക്സ് ബോർഡ് സ്ഥാപിക്കുന്നതിനുമായി നൽകിയ തുക |

| | | | | |
|---|---|---|---|---|
| | | | | |
| | വൗച്ചർ നം.478/10.15 പ്രകാരം ടൗൺ ഹാളിന്റെ ലേലവുമായി ബന്ധപ്പെട്ട ഫ്ലക്സ് ബോർഡ് സ്ഥാപിക്കുന്നതിനും നോട്ടീസ് പതിക്കുന്നതിനും മറ്റുമായി ശ്രീ. നന്ദഗോപാൽ, മാനേജർ, ബ്ലോക്ക് ബോർഡ് അഡ്വർടൈസിംഗ് മീഡിയയ്ക്ക് 16170/- രൂപ ഇതു കൂടാതെ നൽകിയിട്ടുണ്ട്. ടി ആവശ്യത്തിന് ചെലവായ തുക സംബന്ധിച്ച് പരിശോധന നടത്തി കൃത്യത ഉറപ്പു വരുത്തേണ്ടതാണ്. | | | |
| 46 | 469/09.10.2015 | 1180 | 3500/- | JHI ക്ക് നഗരസഭ പരിസരത്തെ ടോയ്‌ലറ്റ് ക്ലീൻ ചെയ്യുന്നതിന് നൽകിയ തുക |
| | ചെലവിന് അനുബന്ധമായ രേഖകൾ ഹാജരാക്കേണ്ടതാണ് | | | |
| 47 | 480/15.10.2015 | 1183 | 50000/- | G6 സെക്ഷൻ ക്ലാർക്ക് ശ്രീ. ഷാൻലാലിന് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവിനായി നൽകിയ തുക |
| 48 | 504/31.10.2015 | 1196 | 250000/- | ,, |
| | ടി ഫയലുകൾ സമർപ്പിക്കേണ്ടതാണ് | | | |
| 49 | 382/7.15 | ചെക്ക് നം. ലഭ്യമല്ല | 17360 | മാതൃഭൂമി പരസ്യം, പരസ്യം ചെയ്ത പത്രം ലഭ്യമാക്കിയില്ല |
| | ജി.ഒ.(ആർ.ടി.)1/11 ഡി.ആന്റ് എ.ആർ.ഡി. 04.01.2011 പ്രകാരമുള്ള 15% ഡിസ്കൗണ്ട് പരസ്യത്തിന് ലഭ്യമാകേണ്ടതാണ്. | | | |
| | ആകെ | | 4036604/- | |

ചെലവ് രേഖകളുടെ അഭാവത്താൽ 4036604/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-18 മുൻകൂറുകൾ ക്രമീകരിച്ചില്ല

2015-16 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ചുവടെ ചേർക്കുന്ന മുൻകൂറുകൾ ഓഡിറ്റ് തീയതിയിലും ക്രമീകരിച്ചിട്ടില്ല.

| ക്രമ നം. | വൗച്ചർ നം./തീയതി | ചെക്ക് നം., തീയതി | തുക | അഡ്വാൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ/വിഷയം |
|---|---|---|---|---|
| 1 | 138/06.06.2015 | 1015/06.06.2015 | 1262/-രൂപ | ശ്രീ. ഗോപാലകൃഷ്ണൻ (ഡ്രൈവർ) വാഹനത്തിന്റെ അറ്റകുറ്റപണിക്ക് |
| 2 | 192/01.07.2015 | 1040/01.07.2015 | 10000/-രൂപ | ശ്രീ. അജയകുമാർ (എച്ച്.എസ്.) ഫ്രണ്ട് ഓഫീസ് ഉദ്ഘാടനത്തിന് |
| 3 | 195/03.07.2015 | 1042/03.07.2015 | 10000/-രൂപ | ശ്രീ. റഹീംഖാൻ (JH I I) മരം മുറിച്ച് മാറ്റുന്നതിന് |
| 4 | 216/14.07.2015 | 1057/14.07.2015 | 17898/- | ശ്രീ. അജയകുമാർ (എച്ച്.എസ്.) ഫ്രണ്ട് ഓഫീസ് ഉദ്ഘാടനത്തിന് |
| 5 | 240/27.07.2015 | 1070/27.07.2015 | 25000 | ശ്രീ. ഷാൻലാൽ (എൽ.ഡി.സി.) ഇലക്ഷൻ ചെലവ് |
| 6 | 300/12.08.2015 | 1107 | 3500/- | ശ്രീ. റഹീംഖാൻ JHI, സ്റ്റിക്കർ, ബോക്സ്, നമ്പർ പ്ലേറ്റുകൾ ടൂവീലർ |
| 7 | 480/13.10.2015 | 1183 | 50000/- | ശ്രീ. ഷാൻലാൽ എൽ.ഡി.സി. ഇലക്ഷൻ ചെലവിന് |
| 8 | 310/19.08.2015 | 1114 | 3000/- | ശ്രീമതി. ഉഷാറാണി ഓവർസിയർ, അറ്റകുറ്റപ്പണി പമ്പ്സെറ്റ് (വാർഡ് II) |
| 9 | 311/19.08.2015 | 1115 | 10000/- | ശ്രീ. അജയകുമാർ (എച്ച്.എസ്.) ഓണക്കിറ്റ്-പാലിയേറ്റീവ് കെയർ |
| 10 | 504/31.10.2015 | 1196 | 250000/- | ശ്രീ. എ. ഷാൻലാൽ<br>ഇലക്ഷൻ ചെലവിന് |
| 11 | 595/26.11.2015 | 1676 | 50000/- | ശ്രീ. ജയശങ്കർ എൽ.എസ്. എൽ.ഡി.സി.<br>കേരളോത്സവം |
| 12 | 521/04.11.2015 | 1197 | 50000/- | ശ്രീ. ഡി. ബിജു ,<br>സീനിയർ ക്ലർക്ക്<br>രജിസ്ട്രേഷൻ ഫീ-മന്നൂർകോണം കമ്മ്യൂണിറ്റി ഹാൾ |
| 13 | 647/05.12.2015 | 3244653 | 45000/- | ശ്രീ.ജയശങ്കർ എൽ.ഡി.സി.<br>കേരളോത്സവം |
| 14 | 781/16.1.16 | 1231 | 25000/- | ശ്രീമതി. സുചിത PWO II<br>ഡ്രെയിനേജ് ക്ലീനിംഗ് |
| 15 | 856/16.02.16 | 1261 | 8000/- | ശ്രീ. അജയകുമാർ. എച്ച്.എസ്. |

| | | | | |
|---|---|---|---|---|
| | | | | ശുചിത്വമിഷൻ-ശില്പശാല- ചെലവ് |
| 16 | 857/16.02.2016 | 1260 | 15000/- | ശ്രീ. വിപിൻ റോയ് പി.ഡബ്ല്യൂ.ഒ.II |
| | ആകെ | | 573660/- | |

സ.ഉ.(പി)419/11/ധന. തീയതി 04.10.2011 പ്രകാരം, കെ.എഫ്.സി. വാല്യം-1 ആർട്ടിക്കിൾ 99 പ്രകാരം അനുവദിക്കാവുന്ന മുൻകൂറുകൾ അനുവദിക്കുന്ന തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണ്. ഈ കാലയളവിനുള്ളിൽ ക്രമീകരിക്കപ്പെടാത്ത മുൻകൂറുകൾ, തുക അനുവദിച്ച തീയതി മുതൽ തിരികെ ഈടാക്കുന്ന തീയതി വരെ 18% നിരക്കിൽ പിഴ ഉൾപ്പെടുത്തി മുഴുവൻ തുകയും ഒറ്റതവണയായി ഈടാക്കേണ്ടതാണ്. മേൽ പ്രകാരം അനുവദിച്ചിട്ടുള്ള മുൻകൂറുകൾ കാലതാമസത്തിനുള്ള പിഴ ഉൾപ്പെടെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-19 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

*1. ക്വാട്ട് ചെയ്ത തുകയേക്കാൾ കൂടുതൽ നൽകി കറൻസി കൗണ്ടിംഗ് മെഷീൻ വാങ്ങി.*

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 18/16 പ്രകാരം നെടുമങ്ങാട് നഗരസഭയിലേക്ക് കറൻസി കൗണ്ടിംഗ് മെഷീൻ വാങ്ങൽ എന്ന പ്രോജക്ടിലേക്ക് [ബിൽ- FCA 82/15-16, 23.03.2016 തുക 18316/- രൂപ] മെഷീൻ നൽകുന്നതിനായി ക്വാട്ട് ചെയ്തിരുന്നത് (നം.SIDCO – MKTCEC/TVM/11/16 dtd: 11/2/16 പ്രകാരം) 14500/- രൂപയാണ്. എന്നാൽ 18316/- രൂപയ്ക്കാണ് മെഷീൻ വാങ്ങിയിരിക്കുന്നത്. STC ACCTS/2015-16 dtd:25/2/16 പ്രകാരമുള്ള കത്തിൽ സിഡ്കോ ആദ്യം ക്വാട്ട് ചെയ്ത നിരക്കിൽ നിന്നും 1% കുറച്ച് തയ്യാറാണെന്ന് സിഡ്കോ അറിയിച്ചിരിക്കെയാണ് കൂടുതൽ തുക നൽകി മെഷീൻ വാങ്ങിയിരിക്കുന്നത്. ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി 34- ന് നൽകിയ മറുപടിയിൽ ഫെയ്ക്ക് നോട്ട് ഡിറ്റക്ട് ചെയ്യുന്നതിനുള്ള ആധുനിക മെഷീൻ ആയതുകൊണ്ടാണ് കൂടുതൽ തുക നൽകി മെഷീൻ വാങ്ങിയതെന്നാണ് പറഞ്ഞിരിക്കുന്നത്. ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ തന്നെ ഇക്കാര്യം ശ്രദ്ധിക്കേണ്ടതായിരുന്നു. നടപടി ക്രമങ്ങളിലുണ്ടായ ഇത്തരം വീഴ്ചകൾ ഭാവിയിൽ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

*2. പദ്ധതി രൂപീകരണം - പത്രപ്പരസ്യം നൽകിയതിന്റെ രേഖകൾ ഒർജിനൽ രസീത് ഉടങ്ങിയവ ഹാജരാക്കിയില്ല- 133200/- രൂപ തടസ്സപ്പെടുത്തുന്നു.*

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 10/16 പ്രകാരമുള്ള പദ്ധതി രൂപീകരണം എന്ന പ്രോജക്ടിലേക്ക് താഴെപ്പറയും പ്രകാരം വിവിധ പത്രങ്ങളിൽ പരസ്യം നൽകിയതിന് തുക നൽകിയിട്ടുണ്ട്. എന്നാൽ പരസ്യം നൽകിയ പത്രം, പത്ര സ്ഥാപനത്തിന്റെ ഒറിജിനൽ രസീത് എന്നിവ ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പരസ്യം നൽകിയ പത്രം | തുക | ബിൽ/ഡി.ഡി.നം/ തീയതി |
|---|---|---|---|
| 1 | മാതൃഭൂമി | 71920 | ബിൽ നം. 607016 |
| | | | 697897 |
| | | | 745837 |
| | | | 736723 |
| | | | 740369 |

| | | | |
|---|---|---|---|
| | | | 676016 ഡി.ഡി.നം.985773<br>തീയതി : 20/02/16 |
| 2 | കേരളകൗമുദി | 8800 | BLTVPM 00257768 dtd: 4/2/16 |
| 3 | മാതൃഭൂമി | 19840 | 60781345 dtd: 26/1/13 |
| 4 | മാതൃഭൂമി | 12480 | 60654541 dtd: 12/7/15 |
| 5 | മാതൃഭൂമി | 13200 | 605632820 dtd: 4/3/15 |
| 6 | ദേശാഭിമാനി | 3520 | 2015094634 dtd: 24/8/15 |
| 7 | ദേശാഭിമാനി | 3520 | 201608963 dtd: 24/1/16 |
| ആകെ | | 133200 | |

ജി.ഒ (ആർ.ടി) 1/2011 പി ആന്റ് എ ആർ.ഡി 4/1/2011 പ്രകാരം പത്രപരസ്യങ്ങൾക്ക് 15 % ഡിസ്കൗണ്ട് ലഭിക്കേണ്ടതുണ്ട്. ടി ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടിയും നഗരസഭ സ്വീകരിക്കേണ്ടതാണ്. പത്രപരസ്യത്തിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ 133200/- രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ. എസ്. ഇ.ബി. | പോസ്റ്റ് ഷിഫ്റ്റിംഗ് | ലഭ്യമല്ല | 194027 | 194027 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭ ത്തിൽ തിരിച്ചട യ്ക്കാൻ ബാക്കിയു | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | ണ്ടായിരുന്ന തുക | | | |
| | | | | മുതൽ | പലിശ | |
| ൗൺ ഹാൾ കം ഷോപ്പിംഗ് കോംപ്ലക്സ് | KURDFC/ ULB/357/12 dtd: 3.12.12 - | 55394227 | 32479069 | 19475566 | 3569588 | 34715730 (2015-16 ൽ ലഭിച്ച വായ്പ്പ തുക21712227യും ഉൾപ്പടെയുള്ള തുകയാണിത്) |

* മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2014-15 വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക 33682000/- എന്നാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ ലോൺ രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യപത്രിക , എന്നിവ പരിശോധിച്ചത് പ്രകാരം 2015-16 ൽ വർഷാരംഭത്തിൽ ഒടുക്കുവാനുള്ള തുക 32479069 /- രൂപയാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 30941527 |
| തൻവർഷം നിക്ഷേപിച്ച തുക | 2121675(Interest) |
| ആകെ | 33063202 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 33063202 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം നിക്ഷേത്തിന്റെ വിവരം

| ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | തുക |
|---|---|---|
| Bank of Baroda | 903759 | 21371306 |
| Bank of Baroda | 903758 | 11691896 |
| | TOTAL | 33063202 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഖണ്ഡികകളൊന്നും ഉൾപ്പെട്ടിട്ടില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 138295276.25 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 296060439 |
| വരവിനങ്ങളിലുള്ള നഷ്ടം | 62482 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 230634 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2003208 |

(ബി). മുനിസിപ്പാലിറ്റി ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 36302 | | ശ്രീ. എസ്. ജഹാംഗീർ, സെക്രട്ടറി |
| 2-2 | 20000 | | ,, |
| 2-4 | 2000 | | ,, |
| 2-5 | 1180 | | ശ്രീ. പി.അജയകുമാർ (ഹെൽത്ത് സൂപ്പർവൈസർ) |
| 3-1 | | 138490 | ശ്രീ.സാബു വലേറിയൻ, (പ്രിൻസിപ്പാൾ) |
| 3-2 | | 21270 | ശ്രീ. എൻ.കെ. പ്രദീപ്കുമാർ (അസി. എഞ്ചിനീയർ) |
| 3-3 | | 8364 | ശ്രീ. എൻ.കെ. പ്രദീപ്കുമാർ (അസി. എഞ്ചിനീയർ) |
| 3-4 | | 3743 | ശ്രീ. എൻ.കെ. പ്രദീപ്കുമാർ (അസി. എഞ്ചിനീയർ) |
| 3-5 | | 3495 | ശ്രീ. എൻ.കെ. പ്രദീപ്കുമാർ (അസി. എഞ്ചിനീയർ) |
| ആകെ | 59482 | 175362 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 561510 | ശ്രീ.സാബു വലേറിയൻ, (പ്രിൻസിപ്പാൾ) |
| 3-7 | 600000 | ശ്രീ.സാബു വലേറിയൻ, (പ്രിൻസിപ്പാൾ) |
| 3-8 | 448513 | ശ്രീ. പി.അജയകുമാർ (ഹെൽത്ത് സൂപ്പർവൈസർ) |
| 3-9 | 400000 | ശ്രീ.സാബു വലേറിയൻ,(പ്രിൻസിപ്പാൾ) |
| 3-10 | 251893 | ശ്രീ. പി.അജയകുമാർ (ഹെൽത്ത് സൂപ്പർവൈസർ) |
| 3-11 | 225000 | ശ്രീ.സാബു വലേറിയൻ,(പ്രിൻസിപ്പാൾ) |
| 3-12 | 57000 | ശ്രീ. പി.അജയകുമാർ (ഹെൽത്ത് സൂപ്പർവൈസർ) |
| 3-13 | 20800 | ശ്രീ.സാബു വലേറിയൻ,(പ്രിൻസിപ്പാൾ) |
| 3-17 | 4036604 | ശ്രീ.എസ്.ജഗാംഹീർ, സെക്രട്ടറി |

| | | |
|---|---|---|
| 3-18 | 573660 | ശ്രീ.എസ്. ജഗാംഹീർ, സെക്രട്ടറി |
| 3-19 (2) | 133200 | ശ്രീ.എസ്.ജഗാംഹീർ, സെക്രട്ടറി |
| ആകെ | 6746672 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എസ്.ജഹാംഗീർ, സെക്രട്ടറി | സെക്രട്ടറി | കോങ്കല്ലിൽ ഹൗസ്, തൊളിക്കോട്, ആനപ്പെട്ടി, വിതുര |
| ശ്രീ. പി.അജയകുമാർ, ഹെൽത്ത് സൂപ്പർവൈസർ | ഹെൽത്ത് സൂപ്പർവൈസർ | ലക്ഷ്മി, ഹൗസ് നമ്പർ 86. ദേവി നഗർ, പേരൂർക്കട, തിരുവനന്തപുരം 695005 |
| ശ്രീ.എൻ.കെ.പ്രദീപ്കുമാർ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | കോമള വിലാസം, മച്ചങ്ങവിളാകം, കുരോട്ടുകോണം, പരശുവയ്ക്കൽ പി.ഒ, പാറശ്ശാല. |
| സാബു വലേറിയൻ, പ്രിൻസിപ്പാൾ | പ്രിൻസിപ്പൽ, ഗവ. ജി.എച്ച്. എസ്.എസ്. നെടുമങ്ങാട് | ജി-15 . അമൃത നഗർ, കൈമനം, പാപ്പനംകോട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96 | എൽ.എഫ്.റ്റി.ഡി.എം.എൽ/4/795/2000 തീയതി 02.01.2003 | 40 | |
| 1996-97 | എൽ.എഫ്.റ്റി.ഡി.എം.എൽ/65/04, തീയതി 22.12.2004 | 40 | |
| 1997-98 | എൽ.എഫ്.റ്റി.ഡി.എം.എൽ/473/08, തീയതി 24.10.2008 | 37 | |
| 1998-99 | എൽ.എഫ്.റ്റി.ഡി.എം.എൽ/359/04, തീയതി 31.07.2004 | 18 | |
| 1999-2000 | എൽ.എഫ്.റ്റി.ഡി.എം.എൽ/1117/03, തീയതി 24.10.2008 | 24 | |
| 2000-01 | എൽ.എഫ്.റ്റി.ഡി.എം.എൽ/22/08, തീയതി 20.04.2009 | 39 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.എം.എൽ/139/09, | 50 | |

| | | | |
|---|---|---|---|
| | തീയതി 20.04.2009 | | |
| 2002-03 | എൽ.എഫ്.റ്റി.ഡി.എം.എൽ/1819/07, തീയതി 25.11.2008 | 22 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.എം.എൽ/1846/07 തീയതി 20.04.2009 | 43 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.എം.എൽ/1544/09, തീയതി 06.08.2012 | 16 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.എം.എൽ/9630/11, തീയതി 31.05.2011 | 24 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.എം.എൽ/1430/12, തീയതി 27.12.2012 | 11 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.എം.എൽ/533/11, തീയതി 23.06.2012 | 25 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.എം.എൽ/1119/13 തീയതി 25.11.2013 | 22 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.എം.എൽ/2356/13 തീയതി 21.03.2013 | 25 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.എം.എൽ/1471/11 തീയതി 25.11.2013 | 21 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.എം.എൽ/99/15 തീയതി 30-03-15 | 36 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.എം.എൽ/1066/14 തീയതി 01-10-14 | 30 | |
| 2013-14 | KSA TVM/ML/1168/15 DT 29.09.15 | 24 | |
| 2014-15 | KSA TVM /ML 1361/2016 1.8.16 | 14 | |

1995-96 സാമ്പത്തിക വർഷത്തിനു മുമ്പുള്ള റിപ്പോർട്ടുകളുടെ വിവരങ്ങൾ ലഭ്യമല്ല.

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4-ാം വകുപ്പും 1994ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 295(4) അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും നെടുമങ്ങാട് നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുവനന്തപുരം ല്ലയിലെ നെടുമങ്ങാട് നഗരസഭയുടെ 2015-16 സാമ്പത്തികവർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ വതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള നഗരപാലികാ നിയമത്തിന്റെ 295-ാം വകുപ്പും 2003ജൂൺ-12-ലെ വർ:319/2003/ധന, തിയതി:12.06.2003 ഉത്തരവും അനുസരിച്ചാണ്.

ാകെ.എൽ.ജി.എസ്.ഡി.പി ഫണ്ടിന്റെ ചെലവ് തുക,സാംഖ്യ എ സി ആറിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

ഡവലപ്മെന്റ് ഫണ്ട്, മെയിന്റനൻസ് ഫണ്ട്, കെ.എൽ.ജി.എസ്.ഡി.പി, സി.എഫ്.സി എന്നിവയുടെ ചെലവ് തുകകൾ ലെവ് പത്രികയിലെ ചെലവ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

എസ്.എഫ്.സി. പ്രൊഫോർമയിലെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ ത്രികയിലെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്